# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി10-362/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 27/03/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി10-362/2023 തീയ്യതി: 27/03/2023

## കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 04-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി. ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 25-02-2023 | 04-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-02-2023 | 04-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലേഖ വി., ഓഡിറ്റ് ഓഫീസർ
ശ്രീമതി സുധ ജേക്കബ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി എം.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ രഞ്ജിത്ത് എം.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കെ. എൻ. സുവർണകുമാരി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ബിൻസി ചെറിയാൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 20-04-2021 |
| | | 01-05-2021 | 16-05-2021 |
| | | 05-06-2021 | 27-06-2021 |
| എം. ആർ. മുരളീധരൻ | സെക്രട്ടറി | 21-04-2021 | 30-04-2021 |
| രഞ്ജൻ റ്റി. | സെക്രട്ടറി | 17-05-2021 | 04-06-2021 |
| | | 28-06-2021 | 19-09-2021 |
| | | 04-10-2021 | 27-01-2022 |
| | | 07-02-2022 | 31-03-2022 |
| ജസിയ ബീവി എം. എ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-09-2021 | 03-10-2021 |
| | | 28-01-2022 | 06-02-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അനൂപ് കൃഷ്ണൻ | കൃഷി ഓഫീസർ | 01-04-2021 | 29-09-2021 |
| മുഹമ്മദ് അൻസിം | കൃഷി ഓഫീസർ-ഇൻ ചാർജ് | 30-09-2021 | 31-10-2021 |
| റസിയ എ. സലാം | കൃഷി ഓഫീസർ | 01-11-2021 | 31-03-2022 |
| ഡോ. അഞ്ജു ശേഖർ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. ഷീജാ ഫിലിപ്പ് | മെഡിക്കൽ ഓഫീസർ(PHC) | 01-04-2021 | 31-03-2022 |
| ഡോ. പ്രീത ജി. | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 30-04-2021 |
| ഡോ. സിന്ധ്യ ട്രീസ മൈക്കിൾ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-05-2021 | 30-06-2021 |
| ഡോ. ദിവ്യ ദിവാകർ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-07-2021 | 31-03-2022 |
| ഡോ. ഗീത ദേവി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-08-2021 |
| ഡോ. ഷേർലി ദിവാനി | മെഡിക്കൽ | 01-09-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ഓഫീസർ(ആയുർവേദം) | | |
| അസീന എ. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(തൃക്കൊടിത്താനം) | 01-04-2021 | 31-03-2022 |
| ബിജു റ്റി. എസ്. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(കോട്ടമുറി) | 01-04-2021 | 30-07-2021 |
| ദീപ്തി വി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| എസ്. പ്രകാശ് | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ലൈല ബി. | അസിസ്റ്റന്റ് എഞ്ചിനീയർ-LSGD | 01-04-2021 | 14-11-2021 |
| മഹേഷ് പി. മോഹൻ | അസിസ്റ്റന്റ് എഞ്ചിനീയർ-LSGD | 15-11-2021 | 23-11-2021 |
| ആഷ സൂസൻ എബ്രഹാം | അസിസ്റ്റന്റ് എഞ്ചിനീയർ-LSGD | 24-11-2021 | 31-03-2022 |
| ജയലക്ഷ്മി എൻ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ബിൻസി ചെറിയാൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 16-07-2021 |
| ജസിയ ബീവി എം. എ. | അസിസ്റ്റന്റ് സെക്രട്ടറി | 19-07-2021 | 31-03-2022 |
| പ്രീതി സി. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(കോട്ടമുറി) 31/07/2021 മുതൽ 31/03/2022 വരെ തസ്തിക ഒഴിവായിരുന്നു. അസിസ്റ്റന്റ് സെക്രട്ടറി തസ്തിക 17/07/2021,18/07/2021 തീയതികളിൽ ഒഴിവായിരുന്നു.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ്-വിശകലനം | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതിഅവലോകനം | 1-5 |
| 6 | ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസറുടെ മാനവൽ രസീതുകളിൽ കളക്ഷൻ തീയതി രേഖപ്പെടുത്തുന്നില്ല | 1-11 |
| 12 | ബാങ്ക് റീക്കൺസിലിയേഷൻ അപാകതകൾ | 1-12 |
| 13 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം - കണക്കുകളിൽ അപാകത | 1-13 |
| 14 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല | 1-14 |
| 15 | റിഡംപ്ഷൻ തുക ക്രമീകരണത്തിൽ അപാകത-ട്രഷറി അക്കൗണ്ട് കണക്ക് ശീർഷകങ്ങളിൽ നെഗറ്റീവ് ബാലൻസ് | 1-15 |
| 16 | കമ്പ്യൂട്ടർ രസീതുകൾ സ്റ്റോക്കിൽ അവശേഷിക്കുന്നു | 1-16 |
| 17 | 16.85 ലക്ഷം രൂപ വസ്തുനികുതി കുടിശിക നിലനിൽക്കുന്നു | 1-17 |
| 18 | സൂപ്പർ മാർക്കറ്റുകൾ കൃത്യമായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കപ്പെട്ടിട്ടില്ല | 1-18 |
| 19 | തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-19 |
| 20 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡി.സി.ബി. തയ്യാറാക്കിയില്ല-നികുതി ഒടുക്കിൽ അവ്യക്തത | 1-20 |
| 21 | തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിപ്പിൽ അപാകത-കണക്കുകളിൽ അവ്യക്തത | 1-21 |
| 22 | ഇ - ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല | 1-22 |
| 23 | വാട്ടർ ചാർജ് സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 1-23 |
| 24 | വി.ഇ.ഒ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-24 |
| 25 | അങ്കണവാടികളുടെ ഭൗതികസൗകര്യം മെച്ചപ്പെടുത്തേണ്ടത്- | 1-25 |

| | | |
|---|---|---|
| 26 | മരുന്ന് പൂർണ്ണമായി ലഭിച്ചില്ല | 1-26 |
| 27 | ഹോമിയോ ആശുപത്രിക്ക് കമ്പ്യൂട്ടർ ,പ്രിന്റർ വാങ്ങൽ - തുക ചെലവഴിച്ചുവെങ്കിലും ഉപകരണങ്ങൾ ലഭ്യമായില്ല | 1-27 |
| 28 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ , പ്രിന്റർ വാങ്ങൽ - കെൽട്രോണിൽ നിന്നും ഉപകരണങ്ങൾ ലഭ്യമായിട്ടില്ല | 1-28 |
| 29 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി.മിഷനിൽ തുക അടവാക്കി-ഉപകരണങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ല | 1-29 |
| 30 | എയ്റോബിക് കംമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം-നാളിതുവരെ കംമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തനക്ഷമമായിട്ടില്ല | 1-30 |
| 31 | ഭവന പുനരുദ്ധാരണം-പൂർത്തിയാക്കിയിട്ടില്ല | 1-31 |
| 32 | തൃക്കൊടിത്താനം മഹാദേവക്ഷേത്രത്തിനു സമീപം - പബ്ലിക് ടോയ്ലറ്റ് നിർമ്മാണം - ബിൽ തയ്യാറാക്കിയതിലെ അപാകത – അധികതുക കരാറുകാരന് നൽകി | 1-32 |
| 33 | കടമാഞ്ചിറ യു.പി സ്കൂൾ അടിസ്ഥാന സൗകര്യവികസനം- പ്രവൃത്തിയുടെ ബില്ലിൽ നിന്നും വിവിധ ഇനങ്ങളിൽ കുറവ് ചെയ്ത തുകകൾ - അപാകതകൾ. | 1-33 |
| 34 | ബാരൽവില സർക്കാരിലേയ്ക്ക് അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് | 1-34 |
| 35 | മരാമത്ത് പ്രവൃത്തികളുടെ ഭാഗമായുള്ള ഉപയോഗശൂന്യമായ വസ്തുക്കൾ ലേലം ചെയ്യാൻ നടപടി സ്വീകരിക്കുക | 1-35 |
| 36 | കുന്നുംപുറം ഗവ.എൽ പി സ്കൂൾ - മെസ്സ് ഹാൾ , അടുക്കള നിർമ്മാണം - നിർവ്വഹണത്തിലെ അപാകത | 1-36 |
| 37 | നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-37 |
| 38 | ആസ്തി പരിപാലനം | 1-38 |
| 39 | അഗതിരഹിത കേരളം പദ്ധതി | 1-39 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്-വിശകലനം

തുക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 25/03/2022 തീയതിയിലെ 1/2-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും 2021-22 ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക (R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 24,773,975/- | 19,825,854/- |
| വരവ് | 254,423,000/- | 125,041,125/- |
| ആകെ | 279,196,975/- | 144,866,979/- |
| ചെലവ് | 274,197,000/- | 130,263,007/- |
| നീക്കിയിരിപ്പ് | 4,999,975/- | 14,603,972/- |

ബജറ്റ് പ്രകാരം 25.4 കോടി രൂപയുടെ പ്രതീക്ഷിത വരവും 27.4 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2021-22 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 18.89 കോടി രൂപയും ചെലവ് 19.13 കോടി രൂപയുമാണ്. മുന്നിരിപ്പ്-നീക്കിയിരിപ്പ് ബജറ്റിൽ കണക്കാക്കിയത് യഥാർത്ഥ കണക്കുകളുമായി വലിയ അന്തരത്തിലാണ്. ബജറ്റ് തയ്യാറാക്കുമ്പോൾ യഥാർത്ഥത്തിലുള്ള മുന്നിരിപ്പുമായി പൊരുത്തപ്പെടുന്ന രീതിയിൽ കൃത്യമായി കണക്കാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ബജറ്റ് മുന്നൊരുക്കം നടത്തേണ്ടതാണ്. 2011-കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 71 മുതൽ 74 വരെ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള എല്ലാ പത്രികകളും ബജറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

തുക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 188,854,403/- രൂപയും ചെലവ് 191,313,130/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 2,458,727/- രൂപയുമാണ്. 31/03/2022-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 149,028,473/- രൂപയും ബാധ്യതകളുടെ മൂല്യം 105,178,652/- രൂപയും ജനറൽ ഫണ്ട് 43,849,821/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2022 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
2. വികസന ഫണ്ടിന്റെ (ജനറൽ,SCSP,TSP) ചെലവ് റവന്യൂ-ക്യാപ്പിറ്റൽ വേർതിരിച്ച് ക്യാപ്പിറ്റൽ ചെലവ് Capital Contribution ആയി അക്കൗണ്ട് ചെയ്തിട്ടില്ല.
3. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് അതാത് ഗ്രാന്റ് ശീർഷകങ്ങളിൽ വാർഷിക കണക്കുകളിൽ പ്രതിഫലിച്ചിട്ടില്ല.
4. സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
5. 350410101, 350410102, 350410301, 350410399, 350410401 ശീർഷകങ്ങളിലെ വരവുകളുടെ മുൻകുറുകൾ ലഭിച്ചതിന്റെയും ക്രമീകരിച്ചതിന്റെ വിശദാംശം ഡിമാന്റ് രജിസ്റ്ററുകളിൽ ലഭ്യമല്ല.
6. 350800299-Other Labilities ശീർഷകത്തിൽ 2021-22 വർഷം ലഭിച്ച വരവ് 126,428/-

ഏതിനത്തിലുള്ള വരവാണ് എന്ന് വ്യക്തമല്ല. പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യതയായ തുകകളാണോ പ്രസ്തുത ശീർഷകത്തിലുള്ളത് എന്ന് വ്യക്തതയില്ല.

7. സ്റ്റേൽ ചെക്ക് ശീർഷകത്തിലെ തുകയുടെ വിശദാംശവും ക്രമീകരണവും രജിസ്റ്റർ സൂക്ഷിച്ച് നിരീക്ഷിക്കുന്നില്ല.
8. ട്രഷറി അക്കൗണ്ട് ക്ലോസ് ചെയ്ത് LGTSB ആരംഭിച്ച ശേഷവും മുൻ TSB ശീർഷകത്തിൽ (450250110) 26,840/- രൂപ നീക്കിയിരിപ്പ് 31/03/2022 ബാലൻസ് ഷീറ്റിൽ B-17 ഷെഡ്യൂളിൽ കാണുന്നു. ക്ലോസ് ചെയ്ത അക്കൗണ്ടിൽ ബാലൻസ് തുക വന്നത് സംബന്ധിച്ച് വ്യക്തതയില്ല. ടി അക്കൗണ്ടിന്റെ 2021-22 വർഷത്തെ ട്രഷറി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല.
9. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം(Land) അക്കൗണ്ട് ചെയ്തിട്ടില്ല.
10. സുസ്ഥിര ആസ്തി സൃഷ്ടിക്കുന്ന വിവിധ പ്രോജക്ടുകൾ തൻവർഷം നിർവ്വഹിച്ചിട്ടുണ്ടെങ്കിലും ആകെ RP-36 പ്രകാരം 4,300,988/- രൂപ മാത്രമാണ് സുസ്ഥിര ആസ്തിയായി 2021-22 വർഷം ചെലവ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. സുസ്ഥിര ആസ്തി സൃഷ്ടിക്കുന്ന പ്രോജക്ടുകളുടെ ചെലവുകൾ റവന്യൂ ചെലവുകളായിട്ടാണ് അക്കൗണ്ട് ചെയ്യപ്പെട്ടിരിക്കുന്നത്. ഇപ്രകാരമുള്ള അക്കൗണ്ടിങ്ങ് അപാകത മൂലം പഞ്ചായത്തിന്റെ യഥാർത്ഥ ധനകാര്യ സ്ഥിതി (Financal Position) ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കാത്ത അവസ്ഥ നിലനിൽക്കുന്നു.
11. 412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. കൃത്യമായ ക്രമീകരണം നടത്താതിരുന്നതിനാലാണ് 31/03/2022 ലെ ബാലൻസ് ഷീറ്റിൽ 27.66 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിൽ അവശേഷിക്കുന്നത്.
12. വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
13. തൊഴിൽ നികുതി (സ്ഥാപനം/ട്രേഡർ), ലൈസൻസ് ഫീസ് എന്നീ അക്രുവൽ വരവുകളുടെ ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല.
14. കെട്ടിട വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള ഡി.സി.ബി. വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
15. 120800199-Other Rents ശീർഷകത്തിൽ ഓഡിറ്റോറിയം/ഹാൾ വാടക 5,250/- രൂപ അക്കൗണ്ട് ചെയ്തിരിക്കുന്നു. 130300101-Rent From Auditoriums And Halls ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.
16. 180900102-Voluntary Conribution And Donation ശീർഷകത്തിലെ വരവ് 27,500/- ഏതിനം വരവാണ് എന്ന് വ്യക്തമല്ല. Conribution/Donation ഫണ്ടാണെങ്കിൽ ബാധ്യത ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.
17. ഹരിതകർമ്മസേനയുടെ ഫീസ് പിരിവ് 150120103-Sale Of Scrap ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു. ഫീസായി അക്കൗണ്ട് ചെയ്യേണ്ടതാണ് ഹരിതകർമ്മസേനയുടെ ഫീസ് പിരിവ്.
18. Prior Period ആയി ക്രമീകരിച്ച ഇടപാടുകളുടെ കൃത്യതയും ആധികാരികതയും വ്യക്തമല്ല.
19. ആയുർവേദ, ഹോമിയോ മരുന്നുവാങ്ങൽ പ്രോജക്ട് ചെലവുകൾ മെയിന്റനൻസായി അക്കൗണ്ട് ചെയ്തിരിക്കുന്നു. മരുന്നു വാങ്ങൽ ചെലവ് സേവന മേഖലയിൽ ഉൾപ്പെടേണ്ടതായിരുന്നു.
20. പ്രോജക്ട് നം.261/22 അംഗൻവാടികളിൽ ഏകീകൃത നെയിം ബോർഡ് സ്ഥാപിക്കൽ ചെലവ് 48,000/- രൂപ ആസ്തി ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.
21. സർക്കാർ ട്രഷറി അക്കൗണ്ടുകളിൽ നിന്ന് പിൻവലിക്കുകയും റീക്കപ്പ് ചെയ്യുകയും ചെയ്യുന്ന റിഡംഷൻ തുക മുൻ വർഷത്തേത് തൻവർഷം ക്രമീകരിച്ചതിലും തൻവർഷം നൽകിയതും അക്കൗണ്ട് ചെയ്തതിൽ അപാകത നിലനിൽക്കുന്നു.

22. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി EFMS വരവ്-ചെലവ് ഉൾപ്പടെയുള്ള കണക്കുകൾ ക്യാഷ് ബുക്ക് പ്രകാരമുള്ളത് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
23. ധനകാര്യ പത്രിക പ്രകാരവും ബന്ധപ്പെട്ട ഡെപോസിറ്റ് രജിസ്റ്റർ പ്രകാരവും തൊഴിലുറപ്പ് പദ്ധതിക്ക് തനത് ഫണ്ടിൽ നിന്നുള്ള മുൻകൂർ 1,030,640/- രൂപയാണ്. എന്നാൽ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി കണക്കുകൾ ക്യാഷ് ബുക്ക് പ്രകാരമുള്ളത് 1,092,680/- രൂപയാണ്. 62,040/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.
24. നിക്ഷേപ പ്രവൃത്തികൾക്ക് കെ.എസ്.ഇ.ബി. യിൽ നിക്ഷേപിച്ച 306,509/- രൂപ നിക്ഷേപ ശീർഷകത്തിൽ(460500202) അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ പ്രസ്തുത നിക്ഷേപം 31/03/2023 ബാലൻസ് ഷീറ്റിൽ B-18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.
25. കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ 1,044,400/- രൂപ ചെലവായി RP-47 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല. ജേർണൽ വൗച്ചർ മുഖേന ക്രമീകരണം നടത്തിയതിനാൽ പ്രസ്തുത നിക്ഷേപം 31/03/2023 ബാലൻസ് ഷീറ്റിൽ B-18 ഷെഡ്യൂളിൽ പ്രതിഫലിക്കുന്നുണ്ട്.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തി 2022-23 വർഷം തന്നെ പരിഹരിക്കേണ്ടതാണ്. കണക്കുകൾ കൃത്യമാക്കുന്നതിന് അക്കൗണ്ട് ചെയ്യുന്ന ജേർണൽ വൗച്ചറുകളുടെ വിശദാംശങ്ങൾ അതുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി സെക്രട്ടറി കൃത്യമായി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2021-22 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ വരവ്, ചെലവ്, ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയ നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 19,825,854/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 125,041,125/- |
| ആകെ | 144,866,979/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 130,263,007/- |
| നീക്കിയിരിപ്പ് | 14,603,972/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 37,94,570/- |

## 1-4 ഗ്രാന്റ് വിനിയോഗം

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 17,629,519/- | 17,629,519/- | 17,606,557/- | 22,962/- | 99.87 |
| വികസന ഫണ്ട്- SCP | 0 | 7,893,416/- | 7,893,416/- | 7,068,922/- | 824,494/- | 89.55 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്- TSP | 0 | 22,700/- | 22,700/- | 0 | 22,700/- | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 0 | 3,904,740/- | 3,904,740/- | 3,853,072/- | 51,668/- | 98.68 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 0 | 9,000,761/- | 9,000,761/- | 4,474,459/- | 4,526,302/- | 49.71 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 19,012,136/- | 19,012,136/- | 15,151,822/- | 3,860,314/- | 79.70 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 8,748,403/- | 8,748,403/- | 3,728,521/- | 5,019,882/- | 42.62 |

വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ ബജറ്റ് അലോട്ട്മെന്റിന് പുറമേ 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം അധിക അലോട്ട്മെന്റ് മുൻവർഷത്തെ ചെലവഴിക്കാതെ ലാപ്സായ തുക ക്യാരി ഓവറായി ലഭിച്ചിട്ടുണ്ട്. കൂടാതെ മെയിന്റനൻസ് ഗ്രാന്റ്-Non Road ഫണ്ടിൽ നിന്ന് വോട്ടിങ്ങ് മെഷീൻ ചാർജായി 2020-21 വർഷം കുറവു ചെയ്ത തുക 62,698/- രൂപ തൻവർഷം 24/02/2022-ലെ സ.ഉ.(സാധാ) നം.1276/2022/ധന പ്രകാരം പ്രത്യേക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളിൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി 07/10/2021 ലെ G.O.(Rt) No.6591/2021/Fin പ്രകാരം മുൻവർഷം ലാപ്സായ തുക അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ച അധിക അലോട്ട്മെന്റിന്റെയും സ്രോതസ്സിൽ കുറവ് ചെയ്തതിന്റെയും വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് - ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | അധിക/ ക്യാരി ഓവർ അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഓ. പ്രോജക്ട്) | ആകെ അറ്റ അലോട്ട്മെന്റ് |
|---|---|---|---|---|---|
| വികസന ഫണ്ട്- General | 17,623,000/- | 6,519/- | 17,629,519/- | 347/22-496,400/-<br>350/22-496,400/-<br>353/22-496,000/-<br>356/22-400/-<br>349/22-176,000/-<br>352/22-594,000/-<br>354/22-705,794/-<br>ആകെ-2,964,994/- | 14,664,525/- |
| വികസന ഫണ്ട്- SCP | 7,710,000/- | 183,416/- | 7,893,416/- | 346/22-58,667/-<br>351/22-73,333/-<br>355/22-93,539/-<br>ആകെ-225,539/- | 7,667,877/- |
| വികസന ഫണ്ട്- TSP | ഇല്ല | 22,700/- | 22,700/- | ഇല്ല | 22,700/- |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 8,553,000/- | 132,705/- 62,698/- | 8,748,403/- | ഇല്ല | 8,748,403/- |
| മെയിന്റനൻസ് ഗ്രാന്റ്- Road | 18,721,000/- | 291,136 | 19,012,136/- | ഇല്ല | 19,012,136/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 3,281,000/- | 571,720/- 52,020/- | 3,904,740/- | ഇല്ല | 3,904,740/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 4,922,000/- | 4,078,761/- | 9,000,761/- | ഇല്ല | 9,000,761/- |

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ 2021-22 വർഷത്തെ ബജറ്റ് അലോട്ട്മെന്റ് പഞ്ചായത്തിന്റെ ഇ-ഗ്രാമ സ്വരാജിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിലും മുൻവർഷത്തെ ക്യാരിഓവർ വിഹിതം ട്രഷറിയിൽ അലോട്ട്മെന്റായുമാണ് ലഭിച്ചത്. വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.
2. ഗ്രാന്റ് പത്രിക പ്രകാരമുള്ള മേഖലാടിസ്ഥാനത്തിലുള്ള ചെലവ് കണക്കുകൾ സുലേഖ ചെലവ് പത്രികയിലെ ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
3. 31/03/2022 ലെ സ.ഉ.(സാധാ) നം.2617/ധന പ്രകാരം ലഭിച്ച ക്യാരി ഓവർ അലോട്ട്മെന്റ് തുകകൾ വികസനഫണ്ട്(SCSP-183,416/-, TSP-22,700/-), മെയിന്റനൻസ് ഗ്രാന്റ്(Road-291,136/-, Non Road-132,705/-) അലോട്ട്മെന്റായി ഗ്രാന്റ് പത്രികയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.
4. 2021-22 വർഷത്തെ ഇ-ഗ്രാമസ്വരാജ് ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ 52,020/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ വരവായി ഗ്രാന്റ് പത്രികയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.
5. വികസന ഫണ്ട് പൊതുവിഭാഗം ആകെ 17,606,557/- ചെലവിൽ സ്രോതസ്സിൽ കുറവ് ചെയ്ത 2,964,994/- രൂപ കിഴിച്ച് 14,641,563/- രൂപയാണ് നേരിട്ട് ചെലവഴിച്ചത്. എന്നാൽ 31/03/2022 ലെ 22101523 നം. വൗച്ചർ പ്രകാരം വികസന ഫണ്ട് ശീർഷകത്തിൽ നിന്നും കണക്ക് ശീർഷകം മാറി 1,176,477/- രൂപ ചെലവായി അക്കൗണ്ട് ചെയ്തതിനാൽ RP-7 ൽ വികസന ഫണ്ട് വരവിൽ 1,176,477/- രൂപ കുറവായി പ്രതിഫലിക്കുന്നു.
6. ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ Tied, Untied എന്ന് വേർതിരിക്കാതെ ഒരു ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.
7. ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) ഫണ്ടിൽ ബാങ്ക് അക്കൗണ്ടിലെ പലിശ അക്കൗണ്ട് ചെയ്യാത്തതിനാൽ അലോട്ട്മെന്റിൽ അധികരിച്ച് ചെലവ് അക്കൗണ്ട് ചെയ്യപ്പെട്ടു. ഗ്രാന്റ് പത്രികയിൽ ഫണ്ട് ബാലൻസ് നെഗറ്റീവ് കാണിക്കുന്നു.
8. ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ 31/03/2022 ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ടി ഗ്രാന്റ് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ട് ശീർഷകത്തിൽ ബി-17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ 217,721/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് ഈ റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം

ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

1-5 പദ്ധതിഅവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 24.3.22 ലെ നം.81898/21/DPC/DPO/KTM ഉത്തരവ് പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗം | 25.1.21 |
| വികസനസെമിനാർ | 17.2.21 |
| പദ്ധതി രൂപീകരണഗ്രാമസഭകൾ | 29.1.21 മുതൽ 6.2.21 വരെ |
| ഗുണഭോക്തൃലിസ്റ്റ് അംഗീകാരം | 6.12.21 മുതൽ 15.12.21 വരെ |
| പ്രൊക്യൂർമെന്റ് കമ്മിറ്റി | 13.8.21 |
| ഊരുകൂട്ടയോഗം | 12.2.21 |

ജനങ്ങളുടെ സാമ്പത്തിക വികസനവും സാമൂഹ്യനീതി ഉറപ്പാക്കലും ലക്ഷ്യമിട്ട് തയ്യാറാക്കിയ 2021-22 ലെ വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 157905932/- രൂപയും ആകെ ചെലവ് 69884333/- രൂപയുമാണ്. വാർഷിക പദ്ധതി അടങ്കലിനായി വകയിരുത്തിയ തുകയുടെ 44.25% മാത്രമാണ് ചെലവഴിയ്ക്കാനായത്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 9 | 2445120 | 1715114 | 70.14 |
| വെറ്ററിനറി സർജൻ | 8 | 8 | 3266200 | 1710200 | 52.36 |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 9 | 9 | 2992240 | 2648490 | 88.5 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ | 4 | 4 | 215000 | 174815 | 81.3 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | 3 | 3 | 1050000 | 1050000 | 100 |
| സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 1965000 | 103072 | 5.2 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 21 | 18 | 58214150 | 11607710 | 19.9 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 7 | 7637356 | 6181801 | 80.9 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1400000 | 1400000 | 100 |
| ഹെഡ്മാസ്റ്റർ(ഗവ.എൽ.പി.എസ്) | 10 | 6 | 3113300 | 2209996 | 70.98 |
| സെക്രട്ടറി | 79 | 37 | 31916964 | 14046823 | 44 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 141 | 109 | 39098452 | 24121040 | 61.69 |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 9 | 4592150 | 2915272 | 63.48 |
| ആകെ | 309 | 223 | 157905932 | 69884333 | 44.25 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച 141 പ്രോജക്ടുകളിൽ 109 പ്രോജക്ടുകൾ മാത്രമാണ് തൻവർഷം പൂർത്തിയാക്കിയിട്ടുള്ളത്. സെക്രട്ടറിയെ നിർവ്വഹണത്തിന് ഏൽപ്പിച്ച 79 പ്രോജക്ടുകളിൽ 37 എണ്ണം മാത്രമാണ് തൻ വർഷം പൂർത്തീകരിച്ചത്. സെക്രട്ടറി നടപ്പിലാക്കാനായി ആവിഷ്ക്കരിച്ച പ്രോജക്ടുകളിൽ 18480645രൂപ വകയിരുത്തിയതിൽ 5249528 രൂപയാണ് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളത്. തനത് ഫണ്ട് വകയിരുത്തിയ പ്രോജക്ടുകളിൽ ഭൂരിഭാഗം എണ്ണവും സെക്രട്ടറി നടപ്പിലാക്കിയിട്ടില്ല. ആവശ്യാധിഷ്ഠതമായി പ്രോജക്ടുകൾ ആവിഷ്ക്കരിക്കാത്തതിനാലാണ് ഇപ്രകാരം പ്രോജക്ടുകൾ തൻവർഷം പൂർത്തിയാക്കാനാവാത്തത്. മെഡിക്കൽ ഓഫീസർമാർ നിർവ്വഹണോദ്യോഗസ്ഥനായി മരുന്ന വാങ്ങൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെങ്കിലും മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)യ്ക്ക് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. മെയിന്റനൻസ്ഗ്രാന്റ്(റോഡ്), നോൺ റോഡ് വിഭാഗങ്ങളിൽ നിന്നും യഥാക്രമം 79.7, 42.62 ശതമാനം തുക മാത്രമാണ് ചെലവഴിയ്ക്കാൻ സാധിച്ചത്.

വിനിയോഗലക്ഷ്യം കൈവരിച്ചില്ല- 97.50 ലക്ഷം രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു

| ഫണ്ടിനം | ലാപ്സായ തുക |
|---|---|
| വികസനഫണ്ട്(ജനറൽ) | 22962 |
| എസ്.സി.പി | 824494 |
| ടി.എസ്.പി | 22700 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 3860314 |
| മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്) | 5019882 |
| ആകെ | 9750352 |

വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകളുടെ നിർവഹണ ഘട്ടത്തിൽ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണമെന്ന പദ്ധതി മാർഗരേഖാ നിർദ്ദേശങ്ങൾ പ്രാവർത്തികമാകുന്നില്ല. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതി ഫലപ്രാപ്തിയിൽ എത്തിയ്ക്കാൻ സാധിക്കുകയുള്ളൂ.

## 1-6 ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2021-2022 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2021-2022 വർഷം സാങ്കേതിക അനുമതി ലഭിച്ച 119 പ്രോജക്ടുകളിൽ 119 എണ്ണം തൻവർഷം നടപ്പിലാക്കി. 69262 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1355 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി, കംപോസ്റ്റ് പിറ്റ് നിർമ്മാണം, സോക്ക് പിറ്റ് നിർമ്മാണം, തോടുകളുടെ നവീകരണം എന്നിവയാണ് ഏറ്റെടുത്ത പ്രധാന വേലകൾ. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2021-2022 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 64355.63 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 26281434.95 | |
| | ക്യാഷ് വരവ് (ബാങ്ക് പലിശ ഉൾപ്പടെ) | 742470 | |
| | തനത് ഫണ്ടിൽ നിന്ന് അഡ്വാൻസ് | 1092680 | |
| ആകെ വരവ് | | | 28180940.58 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 20498242 | |
| | വിദഗ്ധ തൊഴിലാളികളുടെ | 5783192.95 | |

| | | | |
|---|---|---|---|
| | വേതനം, സാധന വില | | |
| | ഭരണ ചെലവുകൾ | 1092680 + 805979 | |
| ആകെ ചെലവ് | | | 28180093.95 |
| നീക്കിയിരിപ്പ് | | | 846.63 |

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2021-22 വർഷം തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 40,320/- | 34 |
| വാർദ്ധക്യകാലപെൻഷൻ | 45,383,500/- | 3204 |
| കർഷകതൊഴിലാളി പെൻഷൻ | 6,154,300/- | 428 |
| വിധവാപെൻഷൻ | 19,224,500/- | 1256 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 572,400/- | 37 |
| വികലാംഗപെൻഷൻ | 5,706,200/- | 368 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2021-22 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ 27/02/2023 തീയതിയിൽ 03:10 PM സമയത്ത് നടത്തുകയുണ്ടായി. പരിശോധന സമയത്തെ പഞ്ചായത്തിന്റെ ക്യാഷ് ബുക്ക് പ്രകാരം ക്യാഷ് നീക്കിയിരിപ്പ് 27,176/- രൂപ ഭൗതികമായി പരിശോധിച്ച് കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

ഗ്രാമപഞ്ചായത്തിന്റ ആഭ്യന്തരനിയന്ത്രണസംവിധാനം പൊതുവെ തൃപ്തികരമാണ്. ഓരോ ജീവനക്കാരുടെയും ജോലികൾ കൃത്യമായി ഓഫീസ് ഉത്തരവുകളായി എഴുതി ആധികാരികമാക്കിയിട്ടുണ്ട്. കാര്യക്ഷമമായി ആഭ്യന്തരനിയന്ത്രണം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യക്തമായി നിർവചിച്ച അക്കൗണ്ടിംഗ് സംവിധാനമാണ് സ്ഥാപനത്തിൽ ബാധകമാക്കിയിട്ടുള്ളത്. പണസംബന്ധമായും ബാങ്ക് ഇടപാടുകളുമായും ബന്ധപ്പെട്ട് ക്രമക്കേടുണ്ടാകാത്തവിധം നിയന്ത്രണങ്ങൾ ബാധകമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം, സേവനരേഖകൾ എന്നിവ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി തിട്ടപ്പെടുത്താനും ഈടാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും കൃത്യമായ ഡി.സി.ബി തയ്യാറാക്കി കുടിശിക ഉൾപ്പെടെ ഈടാക്കുന്നതിൽ ഇനിയും പുരോഗതി കൈവരിക്കേണ്ടതുണ്ട്. സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലിനും, സംഭരണത്തിനും സർക്കാർ ഉത്തരവുകളും നടപടിക്രമങ്ങളും പാലിച്ചിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ തുടങ്ങിയവയുടെ സൂക്ഷിപ്പിൽ അപാകതകൾ നിലനിൽക്കുന്നു. അടിസ്ഥാന രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകത

വാർഷികകണക്കുകളിലും പ്രതിഫലിക്കുന്നുണ്ട്. വാർഷികപദ്ധതി പ്രോജക്ടുകൾ നടപ്പിലാക്കുന്നതിലെ വീഴ്ചകൾ സർക്കാർ ഗ്രാന്റ് ലാപ്സാകുന്നതിനും കാരണമായി. വാർഷിക പദ്ധതി പ്രോജക്ടുകളുടെ മോണിട്ടറിംഗ് കാര്യക്ഷമമായിരുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കണമെന്ന് വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട ഉത്തരവുകളിൽ നിഷ്കർഷിക്കുന്നെങ്കിലും അപ്രകാരം ഉണ്ടായില്ല. ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27/12/2021 – 29/12/2021 | 08/2020 മുതൽ 06/2021 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12/09/2018 മുതൽ 22/09/2018 വരെ. | 2014-15 മുതൽ 2017-18 വരെ | LBA(HQ)II/I /08/A-102 /2018-19/223 |

## 1-11 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ മാന്വൽ രസീതുകളിൽ കളക്ഷൻ തീയതി രേഖപ്പെടുത്തുന്നില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2022-23 വർഷത്തെ ഗുണഭോക്തൃ വിഹിതം കളക്ഷനായി വിനിയോഗിച്ച മാന്വൽ രസീത് ബുക്കുകളിലെ രസീതുകൾ തീയതി രേഖപ്പെടുത്താതെയാണ് എഴുതിയത് എന്ന് കാണുന്നു. ആയതിനാൽ ഗുണഭോക്തൃ വിഹിതം രസീത് പ്രകാരം സ്വീകരിച്ച തീയതി വ്യക്തമല്ല. തുക പഞ്ചായത്തിൽ ഒടുക്കിയ തീയതി മാത്രമാണ് രസീത് പരിശോധനയിൽ കണ്ടെത്താൻ സാധിച്ചത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | രസീത് ബുക്ക് നം. | മാന്വൽ രസീത് തീയതി | പിരിച്ച തുക | പഞ്ചായത്തിൽ ഒടുക്കിയ രസീത് നം./ തീയതി |
|---|---|---|---|---|
| 1. | 14098(1-45) | 13/05/2022 | 4,500/- | 1220100769/G050903 /13.05.2022 |
| 2. | 14098(46-100) | രേഖപ്പെടുത്തിയിട്ടില്ല | 5,500/- | 1220100997/G050903 /24.05.2022 |
| 3. | 14099(1-100) | രേഖപ്പെടുത്തിയിട്ടില്ല | 10,000/- | 1220101255/G050903 /02.06.2022 |
| 4. | 14100(1-80) | രേഖപ്പെടുത്തിയിട്ടില്ല | 8,000/- | 1220101798/G050903 /20.06.2022 |
| 5. | 14100(81-100) 14616(1-45) | രേഖപ്പെടുത്തിയിട്ടില്ല | 11,700/- | 1220105265/G050903 /12.10.2022 |
| 6. | 14616(46-47) | രേഖപ്പെടുത്തിയിട്ടില്ല | 360/- | ഒടുക്കിയിട്ടില്ല |

2021-22 ഓഡിറ്റ് സമയത്ത് രസീത് പരിശോധനയുടെ ഭാഗമായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ

രസീത് ബുക്ക്, കളക്ഷൻ രജിസ്റ്റർ എന്നിവയുടെ പരിശോധനയിൽ മേൽപട്ടിക ക്രമ നം.2,3,4,5 പ്രകാരമുള്ള ഗുണഭോക്തൃ വിഹിതം പിരിവ് ഏത് തീയതിയിലാണ് നടത്തിയത് എന്ന് വ്യക്തമല്ല. തീയതി രേഖപ്പെടുത്താതെ രസീത് ബുക്ക് മുഖേന കളക്ഷൻ താത്കാലിക പണാപഹരണത്തിന് വഴിയൊരുക്കും. ക്രമ നം.6 പ്രകാരം തീയതി രേഖപ്പെടുത്താത്ത രസീതുകൾ പ്രകാരം പിരിച്ച 360/- രൂപ ഓഡിറ്റ് നടക്കുന്ന സമയം വരെയും പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാത്തതായും കാണുന്നു. രസീതുകളുടെ വിനിമയത്തിൽ നിലനിൽക്കുന്ന അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം.8/2021-22/02.03.2023) ക്രമ നം.6-ൽ ചൂണ്ടിക്കാട്ടിയ തുക 360/- രൂപ ഒടുക്കിയ ശേഷം മറ്റ് കളക്ഷനുകൾ സമയബന്ധിതമായി ഒടുക്ക് വരുത്തിയതാണ് എന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്. രസീത് ബുക്കിൽ തീയതി രേഖപ്പെടുത്താതെ ഗുണഭോക്തൃ വിഹിതം പിരിക്കുന്നത് 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-20(2) ന്റെ ലംഘനമാണ്. ഈ വിഷയത്തിൽ പഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി തുടർ പരിശോധന നടത്തി താത്കാലിക ധനാപഹരണം നടന്നിട്ടില്ല എന്ന് ഉറപ്പാക്കേണ്ടതാണ്. പരിശോധന റിപ്പോർട്ട് ഉൾപ്പെടെ പ്രഥമ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

### 1-12 ബാങ്ക് റീക്കൺസിലിയേഷൻ അപാകതകൾ

2021-22 ഓഡിറ്റ് സമയത്ത് രസീത് പരിശോധനയുടെ ഭാഗമായി ബാങ്ക് റീക്കൺസിലേഷൻ പൂർത്തിയാക്കിയതിന്റെ നിലവിലെ സ്ഥിതി പരിശോധിച്ചു. തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിന്റെ നവംബർ-2022 വരെയും മറ്റ് ബാങ്ക് അക്കൗണ്ടുകളുടെ ജനവരി-2023 വരെയുമാണ് റീക്കൺസിലിയേഷൻ നടത്തിയിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. റീക്കൺസിലേഷനിൽ Directly Debited By Bank എന്ന് ക്രമീകരിച്ച് റീക്കൺസിലിയേഷൻ നടത്തിയിരിക്കുന്നു. ചെലവുകൾ കൃത്യമായി അക്കൗണ്ട് ചെയ്യാത്തതു മൂലമാണ് അപ്രകാരം ക്രമീകരണം നടത്തേണ്ടി വരുന്നത്. വിശദാംശം താഴെ പട്ടികയിൽ വിവരിക്കുന്നു.

| ബാങ്ക് അക്കൗണ്ട് | Directly Debited By Bank തുക | റീക്കൺസിലിയേഷൻ മാസം | റിമാർക്ക് |
|---|---|---|---|
| SBT E-Payment | 2,963,892/- | ജനവരി-2023 | |
| സർവ്വീസ് സഹകരണ ബാങ്ക് (തനത് ഫണ്ട്) | 63,745/- | നവംബർ-2022 | റീക്കൺസിലിയേഷൻ കാലികമല്ല |
| LGTSB | 1,330,470/- | ജനവരി-2023 | |
| SBI(ലൈഫ്) | 120,000/- | ജനവരി-2023 | |
| Union Bank(CFC PFMS) | 1,280,079/- | ജനവരി-2023 | |

ബാങ്ക് റീക്കൺസിലിയേഷനിൽ നിലനിൽക്കുന്ന അപാകതകൾക്കും ചെലവുകൾ സമയബന്ധിതമായി അക്കൗണ്ട് ചെയ്യപ്പെടാതിരിക്കുന്നതിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.19/2021-22/04.03.2022) നൽകിയതിന് മറുപടി ലഭിച്ചില്ല. പഞ്ചായത്തിന്റെ ചെലവുകളെല്ലാം അക്കൗണ്ട് ചെയ്തശേഷം ബാങ്ക് റീക്കൺസിലിയേഷനിൽ നിലനിൽക്കുന്ന അപാകതകൾ തുടർമാസം പരിഹരിക്കേണ്ടതാണ്. അപാകത പരിഹരിച്ച ശേഷം റീക്കൺസിലിയേഷൻ പത്രികകളും ബാങ്ക് സ്റ്റേറ്റ്മെന്റ് പകർപ്പുകളും പ്രഥമ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

### 1-13 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം - കണക്കുകളിൽ അപാകത

2021-22 സുലേഖ ചെലവ് പത്രിക പ്രകാരം കേന്ദ്രാവിഷ്കൃത ഗ്രാന്റിനത്തിൽ 3,580,387/- രൂപ ചെലവുണ്ട്. വിവിധ പ്രോജക്ടുകൾ പ്രകാരം ചെലവഴിച്ച ടി തുകയിൽ ഏതെല്ലാം ഗ്രാന്റുകളാണ് ചെലവഴിച്ചതെന്ന് പ്രോജക്ട് തിരിച്ച് എ.സി.ആറിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ

ചെലവ് എ.സി.ആറിൽ രേഖപ്പെടുത്തി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-15 പ്രകാരം ഇപ്രകാരമുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സ്രോതസ്സ് അനുസരിച്ച് അക്കൗണ്ട് ചെയ്യേണ്ടതും പ്രത്യകം അക്കൗണ്ടുകളിൽ സൂക്ഷിക്കേണ്ടതുമാണ്. ചട്ടം-58(3)(ബി) പ്രകാരം ഫണ്ടുകളുടെ സാമ്പത്തിക വർഷത്തെ എ.സി.ആർ. പ്രകാരമുള്ള കണക്കുകൾ ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. കൃത്യമായി എ.സി.ആർ. സൂക്ഷിക്കാത്തതിനാൽ 2021-22 വർഷത്തെ പ്രോജക്ട് ചെലവിന് ആനുപാതികമായി കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ജേർണൽ വൗച്ചറിലൂടെ ക്രമീകരിച്ചോ എന്നതിലും വ്യക്തതയില്ല. ഉദാഹരണമായി സുലേഖ ചെലവ് പത്രികയിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ പ്രോജക്ട് നം.35/22 പ്രകാരം 87,580/- രൂപ 261/22 പ്രകാരം 48,000/- രൂപ എന്നിങ്ങനെ തനത് ഫണ്ട് ചെലവായി കാണുന്ന തുക എ.സി.ആർ. പ്രകാരം ICDS ഫണ്ടിലെ ചെലവാണ്. മേൽവിവരിച്ച പ്രകാരം ഗ്രാന്റുകളുടെ വിനിയോഗത്തിന്റെ അക്കൗണ്ടിങ്ങിൽ അപാകത നിലനിൽക്കുന്നതിനാൽ 2021-22 വർഷത്തെ വിനിയോഗം 31/03/2022 ലെ ബി-4 ഷെഡ്യൂൾ പ്രകാരം ഗ്രാന്റുകളുടെ നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികതയും കൃത്യതയും വ്യക്തമല്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.18/2021-22/03.03.2023) നൽകിയതിന് മറുപടി ലഭിച്ചില്ല.

മേൽപറഞ്ഞ ചട്ടങ്ങൾ പ്രകാരം ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ പഞ്ചായത്ത് ഫണ്ടിലുള്ള എല്ലാ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിഹിതങ്ങളുടെയും മുന്നിരിപ്പ് വിശദാംശവും വിനിമയവും നിശ്ചിത ഫോർമാറ്റിലുള്ള എ.സി.ആറിൽ ചേർത്ത് ഫണ്ട് വിനിയോഗം പ്രോഗ്രസ്സീവായി രേഖപ്പെടുത്തേണ്ടതും ഓരോ ഇടപാടും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. പ്രോജക്ട്/പ്രോജക്ടിതരമായി ചെലവഴിക്കുന്ന ഗ്രാന്റ് തുകയ്ക്ക് തുല്യമായി ജേർണൽ വൗച്ചറിലൂടെ ബാധ്യത ക്രമീകരിക്കുന്ന ഇടപാടും (ജേർണൽ വൗച്ചർ നം./തീയതി) എ.സി.ആറിൽ പോസ്റ്റ് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. സാമ്പത്തിക വർഷാവസാനം ധനകാര്യ പത്രിക സമർപ്പിക്കുന്നതിന് മുൻപായി ഓരോ ഗ്രാന്റുകളുടെയും വിനിമയത്തിന്റെ സംക്ഷിപ്തം എ.സി.ആറിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം വാർഷിക കണക്ക്, ചെലവ് പത്രിക എന്നിവ പ്രകാരമുള്ളത് എ.സി.ആറുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. 2021-22 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയവുമായി ബന്ധപ്പെട്ട അപാകതകൾ എല്ലാം പരിഹരിച്ച് മേൽപറഞ്ഞ നടപടികൾ പൂർത്തിയാക്കി എ.സി.ആർ. പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. 2021-22 വർഷത്തെ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിഹിതങ്ങളുടെയും വിനിമയത്തിൽ മേൽ ഖണ്ഡികയിൽ വിവരിച്ച അപാകതകളും കണക്കുകളിൽ അവ്യക്തതയും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് ഈ റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

### 1-14 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

പഞ്ചായത്തിന്റെ 31/03/2022 ലെ ബാലൻസ് ഷീറ്റ് പ്രകാരം 505,024/- രൂപ നിക്ഷേപമായി അവശേഷിക്കുന്നു. ഡെപ്പോസിറ്റ് രജിസ്റ്ററിൽ നിക്ഷേപങ്ങളുടെ മുന്നിരിപ്പിൽ പ്രോജക്ട്/പ്രവൃത്തിയുടെ ഉദ്ദേശ്യം, പൂർത്തീകരണ തീയതി എന്നിവ രേഖപ്പെടുത്തുന്നില്ല. പല നിക്ഷേപങ്ങളും ഒടുക്കിയ അതോറിറ്റിയുടെ വിവരവും ചേർക്കുന്നില്ല. 2021-22 വർഷത്തെ ഡെപ്പോസിറ്റ് കണക്കുകൾ ക്രോഡീകരിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(3)(എ) പ്രകാരം സാമ്പത്തിക വർഷത്തെ ഡെപ്പോസിറ്റ് കണക്കുകൾ മുന്നിരിപ്പ് വിശദാംശം ഉൾപ്പെടെ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമായിരുന്നു. കൃത്യമായ രേഖകളും കണക്കുകളും സൂക്ഷിക്കുന്ന സാഹചര്യത്തിൽ വാടക നിക്ഷേപം ഒഴികെയുള്ളവ കാലഹരണപ്പെട്ടാൽ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാമായിരുന്നു. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.17/2021-22/03.03.2023) നൽകിയതിന് മറുപടിയിൽ രജിസ്റ്ററിൽ നിലനിൽക്കുന്ന അപാകത പരിഹരിക്കുമെന്നും കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കുമെന്നും അറിയിച്ചു. ഡെപ്പോസിറ്റ് രജിസ്റ്റർ മുന്നിരിപ്പിന്റെ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി

പൂർത്തിയാക്കേണ്ടതും 2021-22 വർഷത്തെ ഇടപാടുകളുടെ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയ ശേഷം ബന്ധപ്പെട്ട ഭരണസമിതി തീരുമാനം, മുതൽക്കൂട്ടിയ ഇനങ്ങളുടെ വിവരം ഡെപ്പോസിറ്റ് രജിസ്റ്ററിൽ പോസ്റ്റ് ചെയ്തതിന്റെ പകർപ്പ് ഉൾപ്പെടെ മറുപടി നൽകേണ്ടതാണ്.

## 1-15 റിഡംപ്ഷൻ തുക ക്രമീകരണത്തിൽ അപാകത-ട്രഷറി അക്കൗണ്ട് കണക്ക് ശീർഷകങ്ങളിൽ നെഗറ്റീവ് ബാലൻസ്

പഞ്ചായത്തിന് റിഡംപ്ഷൻ ഇനത്തിൽ 2021-22 വർഷം ലഭിക്കാനുണ്ടായിരുന്ന 3,38,58,499/- രൂപയിൽ 3,00,62,465/- രൂപ മാത്രമാണ് തിരികെ ലഭിച്ചപ്പോൾ വരവായി അക്കൗണ്ട് ചെയ്തത്. ബാക്കി 37,66,034/- രൂപ വരവായി അക്കൗണ്ട് ചെയ്യാത്തതിനാൽ ബന്ധപ്പെട്ട ട്രഷറി അക്കൗണ്ട് കണക്ക് ശീർഷകങ്ങളിൽ 31.03.2022ൽ നെഗറ്റീവ് ബാലൻസ് പ്രതിഫലിക്കുന്നു. കൂടാതെ 2021-22 വർഷം സംയുക്ത പ്രോജക്ടിനായി ആരംഭിച്ച ട്രഷറി അക്കൗണ്ടിലും ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടാത്തതിനാൽ ബന്ധപ്പെട്ട കണക്ക് ശീർഷകത്തിൽ 31.03.2022ൽ നെഗറ്റീവ് ബാലൻസ് പ്രതിഫലിക്കുന്നു.

മേൽപറഞ്ഞ പ്രകാരം ട്രഷറി അക്കൗണ്ടുകളുടെ കണക്ക് ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യപെടാതിരുന്ന ഇടപാടുകൾ 2022-23 വർഷം തന്നെ ക്രമീകരിച്ച് നെഗറ്റീവ് ബാലൻസ് അപാകത പരിഹരിക്കേണ്ടതാണ്. അപാകത പരിഹരിച്ച് ശേഷം പഞ്ചായത്തിന്റെ എല്ലാ ട്രഷറി ശീർഷകങ്ങളുടെയും ലെഡ്ജർ, ട്രഷറി സ്ക്രോളുകൾ, റിഡംപ്ഷൻ ശീർഷകം ലഡ്ജർ എന്നിവ 2022-23 വർഷത്തേത് ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-16 കമ്പ്യൂട്ടർ രസീതുകൾ സ്റ്റോക്കിൽ അവശേഷിക്കുന്നു

ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് വാങ്ങിയ സാംഖ്യ കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിക്കാതെ സ്റ്റോക്കിൽ അവശേഷിക്കുന്നു. 31/03/2022 വരെ സാംഖ്യ രസീതുകൾ പ്രിന്റ് ചെയ്ത് നൽകിയതിന് ശേഷം 01/04/2022 പ്രാബല്യത്തിൽ ILGMS ആരംഭിച്ചതിനാൽ ഡിജിറ്റൽ രസീതുകളായതിനാൽ ക്യാഷ് രസീതും കൈപ്പറ്റ് രസീതും എ4-പേപ്പറിൽ പ്രിന്റ് ചെയ്താണ് നൽകുന്നത്. പഞ്ചായത്ത് സ്റ്റോക്കിൽ അവശേഷിക്കുന്ന കമ്പ്യൂട്ടർ രസീതുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| രസീത് ഇനം | സ്റ്റേഷനറി നംപർ | എണ്ണം |
|---|---|---|
| ക്യാഷ് രസീത് (പിങ്ക് നിറം) | 3495142-3501000 | 5859 |

പിന്നീട് വിനിയോഗിക്കുന്നില്ല എന്നതിനാൽ കമ്പ്യൂട്ടർ രസീത് സ്റ്റോക്ക് ക്ലോസ് ചെയ്ത് ബാലൻസ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്ത് സ്റ്റോക്കിലുള്ള അവശേഷിക്കുന്ന കമ്പ്യൂട്ടർ രസീതുകൾ തിരികെ നൽകുന്നതും ഇതിനായി ചെലവഴിച്ച തുകയുടെ ക്രമീകരണം സംബന്ധിച്ചും സ്വീകരിക്കേണ്ട നടപടികൾ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ജനറൽ മാനേജർ-ഗ്രാമലക്ഷ്മി മുദ്രാലയം എന്നീ അതോറിറ്റികളുമായി ബന്ധപ്പെട്ട് പഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

## 1-17 16.85 ലക്ഷം രൂപ വസ്തുനികുതി കുടിശിക നിലനിൽക്കുന്നു

31/03/2022 ലെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തുനികുതിയിനത്തിൽ പഞ്ചായത്തിന് 16.85ലക്ഷം രൂപ ലഭിക്കാനുള്ളതായി കാണുന്നു. കുടിശികയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വസ്തുനികുതി കുടിശിക ഇനം | തുക | സർവ്വീസ് സെസ്സ് |
|---|---|---|
| പാർപ്പിടാവശ്യ കെട്ടിടനികുതി(2021-22) | 808,409/- | 236109 |
| പാർപ്പിടാവശ്യ | 548,725/- | 151675 |

| | | |
|---|---|---|
| കെട്ടിടനികുതി(കുടിശിക) | | |
| പാർപ്പിടേതര കെട്ടിടനികുതി(2021-22) | 202,184/- | 60058 |
| പാർപ്പിടേതര കെട്ടിടനികുതി(കുടിശിക) | 125,728/- | 33794 |
| ആകെ | 1,685,046/- | 481636 |

വസ്തുനികുതിയുടെ 30% ആണ് സർവ്വീസ് സെസ്സായി പഞ്ചായത്തിൽ ഈടാക്കുന്നത്. സർവ്വീസ് സെസ്സ്, ലൈബ്രറി സെസ്സ് ഉൾപ്പെടെ കടിശിക വസ്തുനികുതി ഈടാക്കാനുള്ള അടിയന്തിര നടപടി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സ്വീകരിക്കേണ്ടതാണ്.

## 1-18 സൂപ്പർ മാർക്കറ്റുകൾ കൃത്യമായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കപ്പെട്ടിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-4 പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള കെട്ടിടങ്ങളെ അവയുടെ ഉപയോഗക്രമം അനുസരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് പരിധിയിൽ സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ടി കെട്ടിടങ്ങൾ 200 ച.മീ. വരെ/മുകളിലുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിങ്ങ് മാൾ വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിക്കപ്പെട്ടിട്ടില്ല (ചതുരശ്ര മീറ്ററിന് 60/80 രൂപ). പഞ്ചായത്തിന്റെ സഞ്ചയ ഡേറ്റാബേസിൽ ഒരു കെട്ടിടവും സൂപ്പർമാർക്കറ്റ് എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കാണുന്നു. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട സൂപ്പർ മാർക്കറ്റുകളുടെ പേര് ചുവടെ ചേർക്കുന്നു.

| ക്രമ നം. | സൂപ്പർ മാർക്കറ്റിന്റെ പേര് |
|---|---|
| 1. | ഫുഡ്കോ സൂപ്പർ മാർക്കറ്റ്, തൃക്കൊടിത്താനം |
| 2. | JESSICA Big Shoppy Hypermarket, തൃക്കൊടിത്താനം |
| 3. | Medows Cente സൂപ്പർ മാർക്കറ്റ്- തൃക്കൊടിത്താനം |

മേൽവിവരിച്ച ചട്ടം പ്രകാരം കൃത്യമായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കപ്പെടാതിരിക്കുന്നത് പഞ്ചായത്തിന് തനത് നികുതി വരുമാനം നഷ്ടമാകുന്നതിന് ഇടയാക്കും. നികുതി നിർണ്ണയത്തിലെ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.5/2021-22/01.03.2023) നൽകിയതിന് സൂപ്പർ മാർക്കറ്റ് കാറ്റഗറിയിലെ കെട്ടിടങ്ങളെ കണ്ടെത്തി നികുതി പുനർനിർണ്ണയിക്കുന്നതാണ് എന്നറിയിച്ചു. സൂപ്പർമാർക്കറ്റുകൾ ഫീൽഡ് തലത്തിൽ പരിശോധന നടത്തി നികുതി നിർണ്ണയത്തിലെ അപാകത പരിഹരിക്കേണ്ടതാണ്. നികുതി നിർണ്ണയത്തിലെ ഉപയോഗക്രമം കൃത്യമാക്കി കുടിശികയുൾപ്പടെ നികുതി ഈടാക്കേണ്ടതാണ്. വിശദാംശം പ്രഥമ മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-19 തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1)(i) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം കുറഞ്ഞത് 60 ദിവസം പ്രവർത്തിച്ച സ്ഥാപനങ്ങൾക്ക് ടേണോവർ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2021-22 വർഷം പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്ന കുന്നംപുറം പ്രദേശത്തും സമീപത്തുമായി പ്രവർത്തിച്ചിരുന്ന സ്വകാര്യ മേഖലയിലുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് 2021-22 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നു. ടി സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിലും ഉൾപ്പെട്ടിട്ടില്ല. സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | നടത്തുന്ന പ്രവർത്തനം |
|---|---|---|

| | | |
|---|---|---|
| 1. | ഗുഡ്‌വിൽ കൺസ്ട്രക്ഷൻസ്, തൃക്കൊടിത്താനം | കൺസ്ട്രക്ഷൻ കമ്പനി ,ബിൽഡിങ്ങ് പ്ലാൻ, എസ്റ്റിമേറ്റ് |
| 2. | രാജഗിരി ബിൽഡേഴ്സ് & ഡവലപ്പേഴ്സ്, തൃക്കൊടിത്താനം | |
| 3. | തെക്കേക്കര കൺസ്ട്രക്ഷൻസ്, തൃക്കൊടിത്താനം | |
| 4. | വിഷ്വൽ ആഡ്സ് എന്റർറ്റെയിൻമെന്റ്, തൃക്കൊടിത്താനം | ഡിജിറ്റൽ മാധ്യമം |
| 5. | A&B ഡിജിറ്റൽ വിഷൻ, തൃക്കൊടിത്താനം | |
| 6. | ന്യൂ ഇന്ത്യ ഇൻഷുറൻസ് പോർട്ടൽ ഓഫീസ്, തൃക്കൊടിത്താനം | ഇൻഷുറൻസ് സർവ്വീസ് ഏജൻസി |
| 7. | ഓറിയന്റൽ ഇൻഷുറൻസ് പോർട്ടൽ ഓഫീസ്, തൃക്കൊടിത്താനം | |
| 8. | മണിവേ ഫിനാൻസ്, തൃക്കൊടിത്താനം | ധനകാര്യ സ്ഥാപനം, സ്വർണ്ണ പണയം,വായ്പ |
| 9. | EZV Wallet Financiers & Gold Loan, പുലിക്കോട്ടുപടി, തൃക്കൊടിത്താനം | |
| 10. | Symphony Of Values Coaching Centre, തൃക്കൊടിത്താനം | ആർട്സ്, മ്യൂസിക്, യോഗ പരിശീലനം |
| 11. | Hotel New York Square(4 Star Hotel And Bar),തൃക്കൊടിത്താനം | 4 നക്ഷത്ര ഹോട്ടൽ ബാർ |
| 12. | Madathil Multi Speciality Dental Clinic, തൃക്കൊടിത്താനം | ദന്താശുപത്രി |
| 13. | ഫുഡ്കോ സൂപ്പർ മാർക്കറ്റ്, , തൃക്കൊടിത്താനം | സൂപ്പർ മാർക്കറ്റ് |
| 14. | JESSICA Big Shoppy Hypermarket, തൃക്കൊടിത്താനം | |
| 15. | Medows Cente സൂപ്പർ മാർക്കറ്റ്- തൃക്കൊടിത്താനം | |
| 16. | സുപ്രീം കമ്പ്യൂട്ടർ സെന്റർ, തൃക്കൊടിത്താനം | കമ്പ്യൂട്ടർ കോഴ്സുകൾ |
| 17. | മാതാ കമ്പ്യൂട്ടേഴസ്, തൃക്കൊടിത്താനം | |
| 18. | തിലകം ഫിറ്റ്നെസ് സെന്റർ, തൃക്കൊടിത്താനം | ജിംനേഷ്യം |
| 19. | ദ്രോണ ഫിറ്റ്നെസ് സെന്റർ, തൃക്കൊടിത്താനം | |
| 20. | ആൻ ടൂർസ് & ട്രാവൽസ്, തൃക്കൊടിത്താനം | ട്രാവൽ ഏജൻസി |

| | | |
|---|---|---|
| 21. | UK ഏജൻസീസ് ട്രീറ്റ്മെന്റ് സെന്റർ, തൃക്കൊടിത്താനം | മെഡിക്കൽ ട്രീറ്റ്മെന്റ് സെന്റർ |
| 22. | ഫിസിയോ ഫസ്റ്റ് ട്രീറ്റ്മെന്റ് സെന്റർ തൃക്കൊടിത്താനം | ഫിസിയോതെറാപ്പി റീഹാബിലിറ്റേഷൻ ക്ലിനിക് |
| 23. | Smart Fabrics Clothing Distribution Office, കൈലാത്തുപടി, തൃക്കൊടിത്താനം | വസ്ത്രങ്ങൾ എക്സ്പോർട്ടിങ്ങ് |
| 24. | Hydro Clear Water Treatment Solutions Ltd., തൃക്കൊടിത്താനം | വാട്ടർ പ്യൂരിഫയർ മൊത്തവിതരണം |
| 25. | Solis Green Energy Solutions Ltd. തൃക്കൊടിത്താനം | സോളാർ എനർജി ഉപകരണ വിതരണം |
| 26. | Featherland Badminton Academy, തൃക്കൊടിത്താനം | ബാഡ്മിന്റൺ അക്കാദമി |
| 27. | പൂവത്തിങ്കൽ വാഹന പുക പരിശോധന കേന്ദ്രം, തൃക്കൊടിത്താനം | Vehicle Pollution Testing |
| 28. | SH Computerised Driving School, തൃക്കൊടിത്താനം | ഡ്രൈവിങ്ങ് പരിശീലനം |
| 29. | RS Paper Products & Press, തൃക്കൊടിത്താനം | പേപ്പർ & പ്രിന്റിങ്ങ് |
| 30. | തൊടി-മാത്തുപുറം ഗാർഡൻസ് & നഴ്സറി, തൃക്കൊടിത്താനം | ചെടികൾ മൊത്തവ്യാപാര നഴ്സറി |
| 31. | ചങ്ങനാശ്ശേരി താലൂക്ക് വ്യാപാരി വ്യവസായി എംപ്ലോയീസ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നം.കെ-1130 | സഹകരണ സൊസൈറ്റി, ബാങ്കിങ്ങ്, ചിട്ടി സ്ഥാപനം |

മേൽപറഞ്ഞ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെടാത്തത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്ത് ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുന്നില്ല എന്നതിന് തെളിവാണ്. പഞ്ചായത്ത് പരിധിയിലുള്ള, ഇപ്രകാരം ഒഴിവാക്കപ്പെട്ട മുഴുവൻ സ്ഥാപനങ്ങളുടെയും കണക്ക് എടുത്താൽ വരുമാന വർദ്ധനവിനു പകരം വരുമാന ചോർച്ച എത്രമാത്രം ഉണ്ടെന്ന് വ്യക്തമാകുന്നതാണ്. നികുതി ഡിമാന്റിൽ ഉൾപ്പെടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിലും പഞ്ചായത്തിന് വരുമാന നഷ്ടമുണ്ടായി. തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിലെ അപാകതയ്ക്കും നികുതി വരുമാനത്തിലുണ്ടായ നഷ്ടത്തിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.4/2021-22/01.03.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. മേൽവിവരിച്ചതുൾപ്പെടെ പഞ്ചായത്ത് പരിധിയിൽ ടേണോവർ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ബാധകമായ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ഡിമാന്റ് ലിസ്റ്റ് കൃത്യമാക്കേണ്ടതാണ്. ടി സ്ഥാപനങ്ങളുടെ 2021-22 സ്ഥാപന തൊഴിൽ നികുതി നിലവിൽ കുടിശിക ഡിമാന്റിൽ ഉൾപ്പെടുത്തി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. ടി സ്ഥാപനങ്ങളിലെ 2021-22 കാലയളവിലെ ജീവനക്കാരുടെ തൊഴിൽ നികുതി Prior Period Tax ആയി ഈടാക്കേണ്ടതാണ്. മേൽ നടപടികളെല്ലാം പൂർത്തിയായ ശേഷം പഞ്ചായത്തിന്റെ പുതുക്കിയ സ്ഥാപന ലിസ്റ്റ്, 2021-22 നികുതി അടവാക്കിയതിന്റെ വിവരം,

സ്ഥാപനങ്ങളുടെ നികുതി ഡി.സി.ബി., ജീവനക്കാരുടെ നികുതി കളക്ഷൻ പത്രിക എന്നിവ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതാണ്.

1-20 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡി.സി.ബി. തയ്യാറാക്കിയില്ല-നികുതി ഒടുക്കിൽ അവ്യക്തത

1994-ല കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1)(i) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം കുറഞ്ഞത് 60 ദിവസം പ്രവർത്തിച്ച സ്ഥാപനങ്ങൾക്ക് ടേണോവർ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-17(2) പ്രകാരം അക്രുവൽ വരവുകളുടെ ഡി.സി.ബി. തയ്യാറാക്കേണ്ടതും ചട്ടം-58(3)(ജി) പ്രകാരം സാമ്പത്തിക വർഷത്തെ കണക്കുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമായിരുന്നു. സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് എത്രയാണ് എന്ന് നിശ്ചയിച്ച് ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ടേണോവർ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കിയില്ല. പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന തൊഴിൽ നികുതി സ്ഥാപന ലിസ്റ്റ് പരിശോധിച്ചതിൽ നിന്നും ആകെ 43 സ്ഥാപനങ്ങളിൽ 18 എണ്ണം ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ബാധകമായവയാണ്. ടി സ്ഥാപനങ്ങൾ 2021-22 വർഷം നികുതി ഒടുക്കിയോ എന്നതിൽ വ്യക്തതയില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1. | KSEB തൃക്കൊടിത്താനം |
| 2. | KSFE തൃക്കൊടിത്താനം |
| 3. | സെക്രട്ട് ഹാർട്ട് പബ്ലിക് സ്കൂൾ & ജൂനിയർ കോളേജ് |
| 4. | മുത്തൂറ്റ് ഫിൻകോർപ്പ്, തൃക്കൊടിത്താനം |
| 5. | SBI തൃക്കൊടിത്താനം, |
| 6. | സർവ്വീസ് സഹകരണ ബാങ്ക്, ഹെഡ് ഓഫീസ്, തൃക്കൊടിത്താനം<br>ശാഖകൾ-കുന്നംപുറം, കോടിനാട്ടും കുന്ന്, മാന്താനം |
| 7. | കൊശമറ്റം ഫിനാൻസ്, തൃക്കൊടിത്താനം |
| 8. | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, തൃക്കൊടിത്താനം |
| 9. | മാവേലി സ്റ്റോർ, തൃക്കൊടിത്താനം |
| 10. | ജെ. ജെ. ഫിനാൻസ്, തൃക്കൊടിത്താനം |
| 11. | ഡെൻസ് കെയർ ഡെന്റൽ ക്ലിനിക് |
| 12. | ശ്രീകുമാർ നഴ്സിങ്ങ് ഹോം, തൃക്കൊടിത്താനം |
| 13. | കള്ള് ഷാപ്പ്-TS N0.6 തൃക്കൊടിത്താനം |
| 14. | കള്ള് ഷാപ്പ്-TS N0.40 കോട്ടമുറി |
| 15. | കള്ള് ഷാപ്പ്-TS N0.29 തണ്ടക്കുളം |
| 16. | കള്ള് ഷാപ്പ്-TS N0.29 നാലുകോടി |
| 17. | അഷ്ടാംഗ ആയുർവേദ കോളേജ് |
| 18. | ജോസ്കോ ഫിനാൻസ്, തൃക്കൊടിത്താനം |

ബാങ്കുകളുടെ ഓരോ ശാഖകൾക്കും പ്രത്യേക സ്ഥാപനങ്ങളായി കണക്കാക്കി നികുതി നിർണ്ണയിക്കേണ്ടതായിരുന്നു. പഞ്ചായത്ത് പരിധിയിലുള്ള ടേണോവർ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ബാധകമായ സ്ഥാപനങ്ങളുടെ കൃത്യമായ നികുതി നിർണ്ണയം സെക്രട്ടറി നടത്തേണ്ടതും നികുതി

ഈടാക്കി കണക്കുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമായിരുന്നു. 31/03/2022 ലെ ബാലൻസ് ഷീറ്റ് പ്രകാരം ടേണോവർ തൊഴിൽ നികുതി കുടിശിക ഇല്ല എന്ന് കാണുന്നു. കൃത്യമായ രേഖകളുടെ അഭാവത്തിൽ മേൽപറഞ്ഞ സ്ഥാപനങ്ങൾ നികുതി ഒടുക്കിയിട്ടുണ്ടോ എന്നും ബാങ്കുകളുടെ ശാഖകൾക്ക് ഓരോന്നിനും നികുതി ചുമത്തിയോ എന്നതിലും വ്യക്തതയില്ല. മേൽവിവരിച്ച അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.15/2021-22/03.03.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. 2021-22 വർഷത്തെ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡി.സി.ബി. പത്രിക, ഡി.സി.ബി. സംക്ഷിപ്തം എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്. ബാങ്കുകളുടെ ഓരോ ശാഖകൾക്കും തൊഴിൽ നികുതി ചുമത്തിയിട്ടില്ലെങ്കിൽ ആയത് കുടിശികയായി ഈടാക്കേണ്ടതാണ്.

## 1-21 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിപ്പിൽ അപാകത-കണക്കുകളിൽ അവ്യക്തത

ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ ഇൻഡെക്സ് പ്രകാരം 43 സ്ഥാപനങ്ങളാണ് ലിസ്റ്റ് ചെയ്തിരിക്കുന്നത്. 2021-22 ധനകാര്യ പത്രിക പ്രകാരം 825,650/- രൂപയാണ് ജീവനക്കാരുടെ തൊഴിൽ നികുതി വരവ്. ധനകാര്യ പത്രിക ഓഡിറ്റിന് സമർപ്പിക്കുമ്പോൾ 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(3)(എ) പ്രകാരം ബന്ധപ്പെട്ട രജിസ്റ്ററിൽ ടി തുക ഒടുക്കിയ സ്ഥാപനങ്ങളുടെ വിവരം ക്രോഡീകരിച്ച് 2021-22 വർഷത്തെ കണക്ക് ക്ലോസ് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ 2021-22 വർഷത്തെ ഓഡിറ്റിന് ലഭ്യമാക്കിയ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ തൻവർഷത്തെ കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല എന്ന് കാണുന്നു. ലഭ്യമാക്കിയ ഡിമാന്റ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന 18 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി 2021-22 വർഷം ഒടുക്കിയിതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | നികുതി ഒടുക്കാത്ത 2021-22 അർദ്ധവർഷം |
|---|---|---|
| 1. | തുക്കൊടിത്താനം ഗ്രാമപഞ്ചായത്ത് | I & II |
| 2. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസ് | I & II |
| 3. | വില്ലേജ് ഓഫീസ്, തൃക്കൊടിത്താനം | I |
| 4. | പോലീസ് സ്റ്റേഷൻ, തൃക്കൊടിത്താനം | II |
| 5. | പോസ്റ്റ് ഓഫീസ്, തൃക്കൊടിത്താനം | II |
| 6. | BSNL ഓഫീസ്, തൃക്കൊടിത്താനം | II |
| 7. | ദേവസ്വം ബോർഡ് സബ് ഗ്രൂപ്പ് ഓഫീസ് | I |
| 8. | ഗവ. എൽ.പി.എസ്. കടമാൻചിറ | II |
| 9. | ഗവ. ഹൈസ്കൂൾ, തൃക്കൊടിത്താനം | II |
| 10. | ASAP SDC തൃക്കൊടിത്താനം | II |
| 11. | ഡെൻസ് കെയർ ഡെന്റൽ ക്ലിനിക് | II |
| 12. | ശ്രീകുമാർ നഴ്സിങ് ഹോം, തൃക്കൊടിത്താനം | I & II |
| 13. | കള്ള് ഷാപ്പ്-TS N0.6 തൃക്കൊടിത്താനം | I |
| 14. | കള്ള് ഷാപ്പ്-TS N0.40 കോട്ടമുറി | I |
| 15. | കള്ള് ഷാപ്പ്-TS N0.29 തണ്ടക്കുളം | I |
| 16. | കള്ള് ഷാപ്പ്-TS N0.29 നാലുകോടി | I |
| 17. | അഷ്ടാംഗ ആയുർവേദ കോളേജ് | I & II |

| | | |
|---|---|---|
| 18. | ജോസ്കോ ഫിനാൻസ്, തൃക്കൊടിത്താനം | I & II |

ജീവനക്കാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ വരുമാനമായതിനാൽ ആയത് ഒടുക്കാതിരിക്കുന്നത് നികുതി വരുമാന നഷ്ടത്തിന് ഇടയാക്കും. കണക്കുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ ക്ലോസ് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനും മേൽവിവരിച്ച അപാകതകൾക്കും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.6/2021-22/01.03.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. 2021-22 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പൂർത്തിയാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. 2021-22 ധനകാര്യ പത്രിക പ്രകാരം 825,650/- രൂപ വരവ് ഏതെല്ലാം സ്ഥാപനങ്ങളിലെ ജീവനക്കാരാണ് ഒടുക്കിയത് എന്ന വിവരം കാണിക്കുന്ന കളക്ഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ഹാജരാക്കേണ്ടതാണ്. ജീവനക്കാരുടെ തൊഴിൽ നികുതി അതാത് സാമ്പത്തിക വർഷത്തെ വരുമാനമായതിനാൽ മേൽപറഞ്ഞ ലിസ്റ്റിലെ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി ഒടുക്കാത്തവയുടെ നികുതി നിലവിൽ Prior Period Tax ആയി അടവാക്കി വിശദാംശം അറിയിക്കേണ്ടതാണ്.

### 1-22 ഇ - ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല

ചീഫ് എഞ്ചിനീയറുടെ 17.08.2017ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനും മറ്റുമായി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ SBIയിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയുള്ള ഇ-ടെണ്ടറുകളുടെ ടെണ്ടർ ഫീസ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോട്ടയം ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിലേയ്ക്ക് ലഭ്യമായില്ല. 2021-22 വർഷം 93,655 രൂപ ഇ-ടെണ്ടറുകളുടെ ടെണ്ടർ ഫീസിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുണ്ട്. ടെണ്ടർ തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ മുൻവർഷങ്ങളിൽ ഈ ഇനത്തിൽ ലഭിക്കാനുള്ള തുക കൂടി ഡിമാന്റ് ചെയ്ത് തിരികെ ഈടാക്കേണ്ടതാണ്.

### 1-23 വാട്ടർ ചാർജ് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് 157 ടാപ്പുകളുടെ വാട്ടർചാർജിനത്തിൽ ഓരോമാസവും 72000/- രൂപയോളം കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നുണ്ട്. എന്നാൽ ഇവയിൽ ഏതെല്ലാം ടാപ്പുകൾ പ്രവർത്തിക്കുന്നുണ്ട് എന്നതു സംബന്ധിച്ച് കൃത്യത ഉറപ്പ് വരുത്തുന്നതിനായി സംയുക്ത പരിശോധന വാട്ടർ അതോറിറ്റിയുമായി ചേർന്ന് നടത്തിയിട്ടില്ല. ആയതിനാൽ അടിയന്തിരമായി പ്രവർത്തനക്ഷമമായ പൊതു വാട്ടർ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച കൃത്യത വരുത്തേണ്ടതും അധിക തുക അടവാക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

### 1-24 വി.ഇ.ഒ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

വി.ഇ.ഒ നടത്തിയ വിവിധ പ്രോജക്ടുകളുടെ ഫയലുകൾ പരിശോധിച്ചതിൽ രേഖകൾ പൂർണ്ണമായും ഫയലിനോടൊപ്പം ല്യമാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സ്പിൽ ഓവറായി ഖരമാലിന്യ സംസ്കരണത്തിന് വേണ്ടി രണ്ട് പ്രോജക്ടുളാണ് 2021-22 സാമ്പത്തിക വർഷം നടപ്പിലാക്കിയത്. എന്നാൽ പദ്ധതികളുടെ ചെലവ് വിശദാംശങ്ങൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 0221/22 |

| | |
|---|---|
| പ്രോജക്ട് | ഗ്രീൻ കോട്ടയം – ക്ലീൻ കോട്ടയം-ഖരമാലിന്യ ശുചിത്വ പരിപാടി |
| അടങ്കൽ | 1041700 |
| ചെലവ് | ബിൽ നമ്പർ24/21-22/6.1.22/90300<br>ചെക്ക് നമ്പർ 058134/29.09.21/185550<br>ചെക്ക് നമ്പ് 058134/29.09.21/99350 |
| ആകെ | 375200/- |

2

| | |
|---|---|
| പ്രോജക്ട് നമ്പർ | 218/22 |
| പ്രോജക്ട് | ഖരമാലിന്യ സംസ്കരണം |
| അടങ്കൽ | 577050 |
| ചെലവ് | 545550 (തനത് ഫണ്ട്)<br>ചെക്ക് നമ്പർ 0581333/24.09.21 |

ടി രണ്ടു പ്രോജക്ടുകളുടെ ഭാഗമായി തുക കൈപ്പറ്റിയതിന്റെ രസീത് സോഷ്യോ ഇക്കണോമിക് യൂണിറ്റ് നൽകിയിട്ടുണ്ട്. എന്നാൽ ടി പ്രോജക്ടുകളിൽ ഉൾപ്പെടുത്തി സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനിൽ നിന്നും എന്തെല്ലാം സാധനങ്ങൾ വാങ്ങിയെന്നും, അവയുടെ വിതരണം സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി രണ്ട് പദ്ധതികളിലായി ചെലവഴിച്ച 920750 (375200+545550) രൂപ തടസ്സപ്പെടുത്തുന്നു.

3.സ്മാർട്ട് ഗാർബേജ് &മോണിറ്ററിംഗ് സിസ്റ്റം-വീടുകളിൽ ക്യൂ.ആർ കോഡ് സ്ഥാപിക്കൽ

ടി പദ്ധതിയുടെ ഭാഗമായി കെൽട്രോണിന് 142900 രൂപ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 364/22 |
| പ്രോജക്ട് | സ്മാർട്ട് ഗാർബേജ് &മോണിറ്ററിംഗ് സിസ്റ്റം |
| അടങ്കൽ | 204900 |
| ചെലവ് | 142900<br>(ചെക്ക് നമ്പർ 998687/31.03.21) |

ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർവ്വീസ് ചാർജിനത്തിൽ 135700 രൂപയും എസ്.എം.എസ് തുകയായി 7200 രൂപയും ഉൾപ്പെടെ ആകെ 142900 രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. തുക കൈപ്പറ്റിയതിന് കെൽട്രോൺ നൽകിയ രസീത് മാത്രമാണ് ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടുള്ളത്. എന്നാൽ സ്ഥാപനം നൽകിയ ഇൻവോയ്സ്, ഗുണഭോക്താക്കളുടെ വിവരങ്ങൾ തുടങ്ങിയവ ഉൾപ്പെടെ ചെലവഴിച്ച തുകയുടെ വിനിയോഗ വിവരങ്ങൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 10/02.03.2023, 20/04.03.2023) നൽകിയിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ടി സാഹചര്യത്തിൽ ചെലവഴിച്ച 142900 രൂപ തടസ്സപ്പെടുത്തുന്നു.

1-25 അങ്കണവാടികളുടെ ഭൗതികസൗകര്യം മെച്ചപ്പെടുത്തേണ്ടത്-

| അടങ്കൽ | ചെലവ് |
|---|---|

| | |
|---|---|
| മെയിന്റനൻസ് ഗ്രാന്റ്-175000- (റോഡിതരം) | 80883- Bill No.7/ICDS /rent/18-11-21- |
| | 57769- Bill No.11/ICDS-rent/06-03-22 |
| ആകെ 175000- | 138652- |

ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണോദ്യാഗസ്ഥനായി നടപ്പാക്കിയ അങ്കണവാടികൾക്ക് അധികവാടക എന്ന പദ്ധതിയിൽപ്പെടുത്തി (നം.67/22) 138652- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. 34 അങ്കണവാടികൾ പ്രവർത്തിയ്ക്കുന്നതിൽ 18 എണ്ണത്തിന് മാത്രമേ സ്വന്തമായി കെട്ടിടമുള്ളു. ബാക്കിയുള്ളവയിൽ 4 എണ്ണം വാടകയില്ലാതെയും 12 എണ്ണം വാടകക്കെട്ടിടത്തിലും പ്രവർത്തിയ്ക്കുന്നു. തൻവർഷം ഒന്നര ലക്ഷത്തോളം രൂപ മാത്രമാണ് ഈയിനത്തിൽ ചെലവഴിയ്ക്കേണ്ടി വന്നതെങ്കിലും അടുത്ത സാമ്പത്തിക വർഷം മുതൽ പുതുക്കിയ കരാറിന്റെയടിസ്ഥാനത്തിൽ നല്ലൊരു തുക ഈയിനത്തിൽ ചെലവഴിക്കേണ്ടി വരും. വർഷം തോറും ചെലവ് കൂടി വരുന്ന സാഹചര്യത്തിൽ കുറച്ച് അങ്കണവാടികൾക്കെങ്കിലും സ്വന്തമായി കെട്ടിടം ഉണ്ടാകുന്നതിനുള്ള നടപടികൾ എത്രയും വേഗം സ്വീകരിയ്ക്കേണ്ടതാണ്.

1-26 മരുന്ന് പൂർണ്ണമായി ലഭിച്ചില്ല

പിഎച്ച്സി മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പ്രോജക്ടുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിലേയ്ക്ക് പ്രൊഫോമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക അടച്ചുവെങ്കിലും മരുന്നുകൾ പൂർണമായും ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രോജക്ട് നം / പേര് | ഫണ്ടിനം | ചെലവഴിച്ച തുക | | മരുന്ന് കിട്ടിയത് | മരുന്ന് ലഭിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|---|---|
| | | | ബിൽ നം | തുക | | |
| 1 | 7/22 പിഎച്ച്സിയ്ക്ക് മരുന്ന് വാങ്ങൽ | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 6/30-07-21 | 140571 | 140571 | 161700/- |
| | | | 8/06-08-21 | 445957 | 310342 | |
| | | | 12/03-11-21 | 113472 | 87387 | |
| | | | ആകെ | 700000 | 538300 | |
| 2 | 198/22 മാരകമായ രോഗം ബാധിച്ച വനിതകൾക്ക് മരുന്ന് വാങ്ങൽ | വികസനഫണ്ട്-പൊതുവിഭാഗം | 5/30-07-21 | 150000 | 126844 | 23156/- |
| 3 | 10/22 മാരകമായ രോഗം ബാധിച്ചവർക്കുള്ള മരുന്ന് വാങ്ങൽ (ജനറൽ) | വികസനഫണ്ട്-പൊതുവിഭാഗം | 18/17-02-22 | 100000 | 64472 | 35528/- |
| 4 | 110/22 മാരകമായ രോഗം ബാധിച്ചവനിതകൾക്ക് മരുന്ന് വാങ്ങൽ | വികസനഫണ്ട്-പൊതുവിഭാഗം | 19/17-02-22 | 173626 | 109811 | 90189/- |
| | | | 24/07-03-22 | 26374 | | |
| | | | ആകെ | 200000- | | |

| | | | | | | |
|---|---|---|---|---|---|---|
| 5 | 6/22 പെയിൻ & പാലിയേറ്റീവ് കെയർ | വികസനഫണ്ട്-പൊതുവിഭാഗം & മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 11/07-11-21 | 160600 | 156903 | 25003/- |
| | | | 23/07-03-22 | 46334 | 45200 | |
| | | | 27/11-03-22 | 28665 | 23917 | |
| | | | 31/19-03-22 | 48482 | 48077 | |
| | | | 32/25-03-22 | 26516 | 11497 | |
| | | | ആകെ | 310597 | 285594 | |
| | | ആകെ | | | | 335576/- |

പദ്ധതി നിർവ്വഹണം കഴിഞ്ഞ് അടുത്ത സാമ്പത്തികവർഷം കൂടി കഴിയാറായ സാഹചര്യത്തിൽ ശേഷിയ്ക്കുന്ന മരുന്ന് ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. മരുന്ന് മുഴുവൻ ലഭ്യമാക്കി ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കുന്നതുവരെ 335576/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 ഹോമിയോ ആശുപത്രിക്ക് കമ്പ്യൂട്ടർ ,പ്രിന്റർ വാങ്ങൽ - തുക ചെലവഴിച്ചുവെങ്കിലും ഉപകരണങ്ങൾ ലഭ്യമായില്ല

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ടി പ്രോജക്ട് പ്രകാരം ഹോമിയോ ആശുപത്രിക്ക് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിന് കെൽട്രോണിന് തുക നൽകി. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 0342/22 |
| പ്രോജക്ട് | ഹോമിയോ ആശുപത്രിക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ. |
| അടങ്കൽ | 60000/- രൂപ |
| ചെലവ് | 59815/- രൂപ<br>(ബിൽ നമ്പർ 4/21-22/26.03.22 /39797 /-)<br>(ബിൽ നമ്പർ 5/21-22/26.03.22 /20018/-) |

59815 രൂപ കെൽട്രോണിന് നൽകിയിരുന്നുവെങ്കിലും നാളിതുവരെ കമ്പ്യൂട്ടറും പ്രിന്ററും ലഭ്യമായിട്ടില്ല. തുക കൈമാറി നാളിതുവരെ ഉപകരണങ്ങൾ ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 11/02.03.2023) മറുപടി നൽകിയിട്ടില്ല. കമ്പ്യൂട്ടറും പ്രിന്ററും ലഭ്യമാകാത്ത സാഹചര്യത്തിൽ അവ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ, അല്ലാത്ത പക്ഷം കെൽട്രോണിന് നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. തുടർ നടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ , പ്രിന്റർ വാങ്ങൽ - കെൽട്രോണിൽ നിന്നും ഉപകരണങ്ങൾ ലഭ്യമായിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി എൽഎസ്ജിഡി ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങാൻ ചുവടെ ചേർക്കും പ്രകാരം പ്രോജക്ടുകൾ തയ്യാറാക്കിയിരുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം , പ്രോജക്ട് | 361/22 , അസി.എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ (New) | 217/22 , അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് ഡെസ്ക്ടോപ്പ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |

| | | |
|---|---|---|
| | | (Spill Over) |
| ചെലവ് | 44233 (തനത് ഫണ്ട്)<br>1. ചെക്ക് നം. 0581375/26.03.22 -12953<br>2. ചെക്ക് നം. 0581377/30.03.22 -31280 | 50616 (തനത് ഫണ്ട്)<br>ചെക്ക് നം. 0581368/03.03.22 |
| പ്രൊഫോർമ്മ ഇൻവോയ്സ് നം/ തീയതി | കെൽട്രോൺ 36708/21.03.22 – 31280 രൂപ (ഡെസ്ക് ടോപ്പ്)<br>കെൽട്രോൺ 35413/22.02.22 – 12953 രൂപ ( പ്രിന്റർ)<br>ആകെ - 44233 | കെൽട്രോൺ<br>35408/27.02.22 – 50616 രൂപ<br>( ബിൽഡിംഗ് പെർമിറ്റ് പ്രവൃത്തികൾക്കായി ഉയർന്ന സ്പെസിഫിക്കേഷനിലുള്ള ഡെസ്ക്ടോപ്പ് ) |
| നിർവ്വഹണോദ്യോഗസ്ഥ | അസിസ്റ്റന്റ് എഞ്ചിനീയർ | |

മേൽ പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരമുള്ള തുകകൾ കെൽട്രോണിന് നൽകി. എന്നാൽ ഡെസ്ക്ടോപ്പുകളും അനുബന്ധ ഉപകരണങ്ങളും നാളിതുവരെ ലഭ്യമായില്ലെന്നാണ് 2/01.03.23 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയത്. ഉപകരണങ്ങൾ കെൽട്രോണിൽ നിന്നും അടിയന്തിരമായി ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഉപകരണങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ രണ്ട് പ്രോജക്ടുകൾക്കുമായി ചെലവഴിച്ച 94849 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-29 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി.മിഷനിൽ തുക അടവാക്കി-ഉപകരണങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ല**

2021-22 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ പ്രോജക്ടുകൾ പ്രകാരം പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി.മിഷനിൽ തുക അടവാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | അടങ്കൽ/ചെലവഴിച്ച തുക | ലഭിക്കുവാനുള്ള ഉപകരണങ്ങൾ | ചെക്ക് നം./തീയതി |
|---|---|---|---|
| SO241/22 | തനത് ഫണ്ട്- 201933<br>ചെലവഴിച്ച തുക- 196905 | 2 കമ്പ്യൂട്ടർ- 101232/-<br>UPS-23305/-<br>പ്രിന്റർ-2 (40036/-)<br>ആകെ-164573/- | 0581372/21.3.220581372 /21.3.22 |
| SO293/22, | തനത് ഫണ്ട്- | 2കമ്പ്യൂട്ടർ- | 0581372/21.3.22 |

| | | | |
|---|---|---|---|
| എം.ജി.എൻ. .ആർ.ഇ.ജി.എസ് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ | 150,000 ചെലവഴിച്ച തുക-119391 | 119391/- | |
| | ആകെ | 283964/- | |

കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി.മിഷനിൽ അടവാക്കിയ 283964/- രൂപയുടെ ഉപകരണങ്ങൾ നാളിതുവരെ പഞ്ചായത്തിൽ ലഭിച്ചിട്ടില്ല. ടി ഉപകരണങ്ങൾ ലഭിയ്ക്കാൻ വേണ്ടി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.7/01.03.2023) നൽകിയിരുന്നു. ആയതിനുള്ള മറുപടിയായി സാമ്പത്തിക വർഷം അവസാനിച്ചതിനു ശേഷം കെൽട്രോണുമായി ബന്ധപ്പെട്ടപ്പോൾ ഓഗസ്റ്റ് മാസം പ്രൊക്യർമെന്റ് കമ്മിറ്റി കൂടിയതിനുശേഷമേ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യുകയുള്ളൂ എന്ന് അറിയിച്ചിരുന്നു. പിന്നീട് കെൽട്രോണുമായി ഫോണിൽ ബന്ധപ്പെട്ടപ്പോൾ ഒരു കമ്പ്യൂട്ടറിന് അധികമായി 30,000/- രൂപ അടവാക്കണം എന്ന് അറിയിച്ചു. ടി വിവരം പഞ്ചായത്ത് കമ്മിറ്റിയെ അറിയിച്ചതിൻ പ്രകാരം അധിക തുക പൊതുവിപണിയേക്കാൾ കൂടുതലായതിനാൽ കെൽട്രോണിൽ നിന്നും തുക തിരികെ വാങ്ങി ജെമ്മിൽ(GeM) നിന്നും ഉപകരണങ്ങൾ വാങ്ങിയാൽ മതിയെന്ന് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടെന്നും മറുപടിയിൽ അറിയിച്ചു. കെൽട്രോണിൽ നിന്നും തുക തിരികെ ലഭിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്. അതുവരെ ഉപകരണങ്ങൾ ലഭ്യമാകാത്ത 2,83,964/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-30 എയ്റോബിക് കംമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം-നാളിതുവരെ കംമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തനക്ഷമമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | S0227/22 |
| അടങ്കൽ (കേന്ദ്രാവിഷ്കൃത ഫണ്ട്) | 1490500 |
| ചെലവഴിച്ച തുക | 619443 (ചെക്ക് നം.0581339/ 21.10.21) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി എയ്റോബിക് കംമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണത്തിനായി ശുചിത്വമിഷനിൽ നിന്നും ലഭിച്ച ഫണ്ട് 619443/- രൂപ നിർവ്വഹണ ഏജൻസിയായ സോഷ്യാ എക്കണോമിക് യൂണിറ്റിന് 21.10.21ൽ കൈമാറി നൽകിയിരുന്നു. തൻവർഷം സെന്റ് സെബാസ്റ്റ്യൻസ് എൽ.പി.സ്കൂൾ, പി.ആർ.ഡി.എൽ.പി.എസ്, പി.എച്ച്.സി കോട്ടമുറി എന്നിവിടങ്ങളിൽ കംമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 206481/-രൂപ വീതം ആകെ 619443/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റ് 2.3.23-ൽ നടത്തിയ ഭൗതിക പരിശോധനയിൽ പി.എച്ച്.സി കോട്ടമുറിയിൽ മാത്രമാണ് എയ്റോബിക് കംമ്പോസ്റ്റ് യൂണിറ്റ് ഉപയോഗപ്രദമായിട്ടുള്ളൂ എന്ന് വ്യക്തമായി. മറ്റ് രണ്ട് സ്കൂളുകളിലും യൂണിറ്റിൽ നിക്ഷേപിക്കാനാവശ്യമായ വേയ്സ്റ്റ് ഉൽപ്പാദിപ്പിക്കുന്നില്ല. 2020-21 വർഷം കടമാഞ്ചിറ ഗവ.എൽ.പി.സ്കൂൾ, ഗവ.എൽ.പി.എസ്.സ്കൂൾ തൃക്കൊടിത്താനം എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള എയ്റോബിക് കംമ്പോസ്റ്റ് യൂണിറ്റുകളുടെ പരിസരം മുഴുവൻ കാട് കയറി കിടക്കുന്ന അവസ്ഥയിലാണ്. ആവശ്യകത കൃത്യമായി നിർണ്ണയിക്കാതെയാണ് സ്കൂളുകളിൽ കംമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാവുന്നു. ആയതിനാൽ നിഷ്ക്രിയ ആസ്തിയായി മാറിയ 2 കമ്പോസ്റ്റ് യൂണിറ്റുകൾക്ക് ചെലവഴിച്ച 4,12,962/- രൂപ (4.12 ലക്ഷം രൂപ) പാഴ്ചെലവായി കണക്കാക്കുന്നു. കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കി അറിയിക്കുന്നതുവരെ 4,12,962/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-31 ഭവന പുനരുദ്ധാരണം-പൂർത്തിയാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ജനറൽ വിഭാഗത്തിലും എസ്.സി വിഭാഗത്തിലുമായി ഭവന പുനരുദ്ധാരണത്തിനായി രണ്ട് പദ്ധതികളാണ് നടപ്പിലാക്കിയത്. ഈ രണ്ട് പദ്ധതികളിലുമായി ഓരോ ഗുണഭോക്താക്കൾ വീതം ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 32/22(എസ്.സി.പി) |
| അടങ്കൽ | 1800000 |
| ചെലവ് | 1750000 |

ടി പ്രോജക്ടിന്റെ ഭാഗമായി ഗുണഭോക്താവായ ശ്രീമതി ആനന്ദവല്ലിക്ക് 50000 രൂപ അഡ്വാൻസായി നൽകിയിട്ടുണ്ട് (ബിൽ നമ്പർ 23/21-22/11.12.21). എന്നാൽ ആദ്യ ഘട്ടം തീർക്കുന്നതിന് സാധിച്ചിട്ടില്ല. ആകെ ഒരു ലക്ഷം രൂപയാണ് ഭവന പുനരുദ്ധാരണത്തിനായി എസ്.സി വിഭാഗത്തിന് ടി പ്രോജക്ട് പ്രകാരം നൽകുന്നത്. എന്നാൽ ശ്രീമതി ആനന്ദവല്ലി അഡ്വാൻസായി നൽകിയ തുക ഉപയോഗിച്ച് പുനരുദ്ധാരണ പ്രവർത്തനങ്ങൾ എത്രമാത്രം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമല്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 33/22(ജനറൽ) |
| അടങ്കൽ | 1400000 |
| ചെലവ് | 1371000 |

ജനറൽ വിഭാഗം ഭവന പുനരുദ്ധാരണ പദ്ധതിയിൽ ശ്രീമതി സുശീല.എം.ചന്ദ്രൻ എന്ന ഗുണഭോക്തവിന് ബിൽ നമ്പർ 17/21-22/21.12.21 പ്രകാരം 15000 രൂപ അഡ്വാൻസായി നൽകിയിട്ടുണ്ട്.എന്നാൽ ടി ഗുണഭോക്താവും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

മേൽ പരാമർശിച്ച രണ്ടു ഗുണഭോക്താക്കളുടെയും ഭവന പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 10/03.03023) നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭവനപുനരുദ്ധാരണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്, അല്ലാത്ത പക്ഷം കൈപ്പറ്റിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-32 തൃക്കൊടിത്താനം മഹാദേവക്ഷേത്രത്തിനു സമീപം - പബ്ലിക് ടോയ്‌ലറ്റ് നിർമ്മാണം - ബിൽ തയ്യാറാക്കിയതിലെ അപാകത – അധികതുക കരാറുകാരന് നൽകി

| | |
|---|---|
| പ്രോജക്ട് നം , പ്രോജക്ട് | 214/22, തൃക്കൊടിത്താനം മഹാദേവക്ഷേത്രത്തിന് സമീപം പബ്ലിക് ടോയ്‌ലറ്റ് നിർമ്മാണം |
| അടങ്കൽ | 227687 (സിഎഫ്സി) |
| ചെലവ് | 149605 ( സി എഫ് സി)<br>ബിൽ നം - 202/ 03-11-21 |
| എം ബുക്ക് നം.<br>എം ബുക്ക് നം. | 49/20-21<br>49എ/20-21 |
| നിർവ്വഹണോദ്യോഗസ്ഥ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | രഘുനാഥൻനായർ |

സെക്കന്റ് & ഫൈനൽ ബില്ലിന്റെ ആകെ തുകയായ 455653 രൂപയുടെ 75 % തുകയായ 341739 രൂപ

(+12% GST) യാണ് 2020-21 വർഷം മാറിയത്. അവശേഷിക്കുന്ന തുക 2021 -22 ൽ കരാറുകാരന് നൽകിയപ്പോൾ ചുവടെ ചേർക്കും പ്രകാരം അധികം തുക അനുവദിച്ചതായി കാണുന്നു.

| | ബിൽ പ്രകാരം കരാറുകാരന് നൽകിയ തുക | നൽകേണ്ടിയിരുന്ന തുക |
|---|---|---|
| Second & Final Bill പ്രകാരം തുക | 455653 + 54678 ( 12% GST) 510331 | 455653 + 54678 ( 12% GST) 510331 |
| 2020-21 ൽ 75% ആയി പരിമിതപ്പെടുത്തി നൽകിയത് | 341739 + 41009 ( 12% GST) 3,82,748 | 341739 + 41009 ( 12% GST) 3,82,748 |
| 2021-22 ൽ ബാക്കി തുക നൽകിയത് | 133576 + 16029 ( 12% GST) 149605 | 113914 + 13670 ( 12% GST) 127584 |
| കരാറുകാരന് അധികം നൽകിയത് | | 22021 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/03.03.23) മറുപടിയായി കരാറുകാരന് അധികമായി നൽകിയ 22,021/- രൂപ തിരികെ അടവാക്കുമെന്നറിയിച്ചു. കരാറുകാരനിൽ നിന്നും തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഫണ്ടുകളിൽ അടവാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-33 കടമാഞ്ചിറ യു.പി സ്കൂൾ അടിസ്ഥാന സൗകര്യവികസനം- പ്രവൃത്തിയുടെ ബില്ലിൽ നിന്നും വിവിധ ഇനങ്ങളിൽ കുറവ് ചെയ്ത തുകകൾ - അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നം , പ്രോജക്ട് | 215/22, കടമാഞ്ചിറ യു.പി സ്കൂൾ അടിസ്ഥാന സൗകര്യവികസനം |
| അടങ്കൽ | 300000/- രൂപ |
| ചെലവ് | 279460 (മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| ബിൽ നം | 51/27.01.22 |
| നിർവ്വഹണോദ്യോഗസ്ഥ | അസി.എഞ്ചിനീയർ |

ഗുണഭോക്തൃ സമിതി വഴി നടപ്പാക്കിയ പ്രസ്തുത പ്രവൃത്തിയുടെ ബില്ലുകളിൽ നിന്നും വിവിധ ഇനങ്ങളിൽ കുറവ് ചെയ്ത തുകകളിലെ അപാകത ചുവടെ ചേർക്കുന്നു.

1. സ്കൂൾ പ്രധാനാധ്യാപകനായ ശ്രീ.എസ് പ്രകാശ് ചെയർമാനും ശ്രീ .സുനിൽകുമാർ റ്റി കെ കൺവീനറുമായി ഗുണഭോക്തൃ സമിതി വഴി നടപ്പാക്കിയ പ്രസ്തുത പ്രവൃത്തിയുടെ ആകെ വേലമൂല്യമായ 249518 രൂപയ്ക്കൊപ്പം ജി എസ് ടി കോംപൻസേഷൻ തുകയായ 12% കൂടി ചേർത്താണ് ബിൽ തയ്യാറാക്കിയത്. 2 % ജി എസ് ടി സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട് . അവശേഷിക്കുന്ന 10% തുക കൺവീനർ സർക്കാറിലേയ്ക്ക് അടവാക്കിയ രേഖകൾ ഹാജരാക്കിയില്ല.. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| |
|---|
| ആകെ വേലമൂല്യം - 249518 |
| + 12 % ജി എസ് ടി - 29942 |
| ആകെ - 279460 രൂപ |
| (-) 2 % ജി എസ് ടി - 4990 |
| അധികമായി കൺവീനർക്ക് |
| നൽകിയ തുക – 24952 രൂപ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (01/01.01.23) മറുപടിയായി ജി എസ് റ്റി ഇനത്തിൽ അധികമായി നൽകിയ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചു. അധികം അനുവദിച്ച 24952 രൂപ ഗുണഭോക്തൃ സമിതി കൺവീനർ/ചെയർമാൻ എന്നിവരിൽ നിന്നും തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

2. സർക്കുലർ നമ്പർ DB3-9058/17/CE/LSGD തീ 16-3-2018 പ്രകാരം ഗുണഭോക്തൃസമിതികൾ വഴി നടപ്പാക്കുന്ന പ്രവൃത്തികളിൽ 7.5% ഓവർഹെഡ്ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. എങ്കിലും വാറ്റ് നിലവിൽ ഇല്ലാത്തതിനാൽ 5% കുറവ് ചെയ്യേണ്ടതും, കൺവീനർ ജി എസ് ടി അടവാക്കുന്ന സാഹചര്യത്തിൽ കോമ്പൻസേഷൻ പരിഗണിക്കാവുന്നതാണ് എന്നും വ്യക്തത വരുത്തിയിട്ടുണ്ട്. വാറ്റ് നിലവിൽ ഇല്ലാത്തതിനാൽ 5% തുക കുറവ് ചെയ്യേണ്ടതും ജി എസ് ടി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയാൽ മാത്രം കോമ്പൻസേഷനായി നല്കാവുന്നതുമാണ്.

| അനുവദനീയമായ വേലമൂല്യം | അളവുപുസ്തക പ്രകാരം വേലമൂല്യം (രൂപ) | അധികം നല്കിയ തുക (രൂപ) |
|---|---|---|
| 249518 X 102.50/107.50 = 237912.5 | 249518 | 11605.5 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (01/01.01.23) മറുപടിയായി തുക തിരികെ ഈടാക്കുന്നതാണെന്നറിയിച്ചു. ഓവർഹെഡ് ചാർജ് ഇനത്തിൽ അധികം നല്കിയ 5% തുകയായ 11605.5 രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

### 1-34 ബാരൽവില സർക്കാരിലേയ്ക്ക് അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30.10.17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക്, ധനകാര്യവകുപ്പിന്റെ 12.4.06-ലെ ജി.ഒ.(പി)177/06 നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ബാരൽവില ഉൾപ്പെടെയുള്ള തുക ട്രഷറിയിൽനിന്നും പിൻവലിച്ച് പഞ്ചായത്തിന്റെ തനതുഫണ്ടിൽ സൂക്ഷിക്കുന്നതായി കാണുന്നു. ബാരൽവില സർക്കാരിലേയ്ക്ക് അടവാക്കാത്തിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി ( 03/01-01-23) യ്ക്ക് മറുപടിയായി ബാരൽ വില അടവാക്കുന്നതിന് വിശദാംശങ്ങൾ സെക്രട്ടറിയ്ക്ക് നൽകിയെങ്കിലും ആയത് അടവാക്കിയിട്ടില്ല എന്ന് അറിയിച്ചു. തുക നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

### 1-35 മരാമത്ത് പ്രവൃത്തികളുടെ ഭാഗമായുള്ള ഉപയോഗശൂന്യമായ വസ്തുക്കൾ ലേലം ചെയ്യാൻ നടപടി സ്വീകരിക്കുക

ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ ഭാഗമായുള്ള ഉപയോഗശൂന്യമായ വസ്തുക്കൾ ലേലം ചെയ്യേണ്ടതാണ്.

| | | |
|---|---|---|
| 1 | 299/22 , കരിമ്പാനി കുടുംബക്ഷേമ കേന്ദ്രം പുനരുദ്ധാരണം | 1.wooden Window Frame – 4 Nos<br>2. Window Glass – 2 Nos<br>3. Round Pipe, Square Tube , Iron Road Etc<br>അസിസ്റ്റന്റ് എഞ്ചിനീയറുടെ സർവ്വേ റിപ്പോർട്ട് പ്രകാരം ആകെ മൂല്യം 3445.46 രൂപ |
| 2 | 13/22 , ചക്രാത്തിക്കുന്ന് സബ്സെന്റർ മെയിന്റനൻസ് | ആസ്ബസ്റ്റോസ് ഷീറ്റ് - 18 എണ്ണം<br>അസിസ്റ്റന്റ് എഞ്ചിനീയറുടെ സർവ്വെ റിപ്പോർട്ട് പ്രകാരം ആകെ മൂല്യം 911.25 രൂപ |

ലേല നടപടി വിവരങ്ങളാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/03-03-23) മറുപടിയായി ക്രമ നം. 1 മൂന്ന് പ്രാവശ്യം ലേലത്തിന് വെച്ചിരുന്നെങ്കിലും ആരും പങ്കെടുത്തില്ലെന്നും ക്രമ നം.2 ലേലം നടത്തുന്നതിന് തുടർനടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉചിതമായ മൂല്യം നിർണ്ണയിച്ച് ലേലം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-36 കുന്നംപുറം ഗവ.എൽ പി സ്കൂൾ - മെസ്സ് ഹാൾ , അടുക്കള നിർമ്മാണം - നിർവ്വഹണത്തിലെ അപാകത

| | |
|---|---|
| പ്രോജക്ട് നം , പ്രോജക്ട് | 205/22, കുന്നംപുറം ഗവ.എൽ.പി.എസ്. മെസ്സ് ഹാൾ, അടുക്കള നിർമ്മാണം |
| ചെലവ് | 10 ലക്ഷം ( ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>[ചെക്ക് നം - 3298555/21-03-22 – 11064<br>3298554/04-03-22 – 176548<br>3298553/18-02-22 – 47150<br>3298552/20-12-21 – 184403<br>3298551/30-11-21 – 580835 )]<br>568321 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>[(BRN No- 21080452008101417740 / 23.03.22 – 446186 രൂപ)<br>(BRN No – 21080452008101417755/ 23.03.22 –122135 രൂപ)] |
| നിർവ്വഹണോദ്യോഗസ്ഥ | അസിസ്റ്റന്റ് എഞ്ചിനീയർ |

ഗവ.എൽ പി & ഹയർസെക്കണ്ടറി സ്കൂളിന് ഒരു മെസ്സ് ഹാൾ നിർമ്മാണത്തിനായി ഫൗണ്ടേഷൻ വർക്ക് ചെയ്ത് ഗാൽ വാല്യം ഷീറ്റ് റൂഫിംഗ് ചെയ്ത് ഭാഗികമായി പൂർത്തീകരിച്ചിരുന്നതാണ്. ടി നിർമ്മാണം പൂർത്തീകരിക്കുന്നതിനായി പഞ്ചായത്ത് വിഹിതം 17,00,000 രൂപ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 10,00,000 രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം 1500000 രൂപ എന്നിങ്ങനെ 42,00,000 ആകെ

വകയിരുത്തിയാണ് മേൽ പ്രോജക്ട് തയ്യാറാക്കിയത്. പ്രോജക്ടിന്റെ വിവിധ ഘട്ടങ്ങളിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നിട്ടുണ്ട്. പ്രശോഭ് കുമാർ എന്ന കരാറുകാരൻ 05/02/20 ൽ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിച്ചു. 02.02.23-ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ പൂർത്തീകരണത്തിനായി തുടർപ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതുണ്ടെന്ന് കണ്ടു. 16/01/2023 വരെ പ്രസ്തുത പ്രോജക്ടിനായി 39,53,157 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് പരിശോധനയിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

കരാറിലേർപ്പെട്ടതിലെ കാലതാമസം - ഫൈൻ ഈടാക്കിട്ടില്ല

സെലക്ഷൻ നോട്ടിസ് പ്രകാരം കോൺട്രാക്ടർ പഞ്ചായത്തുമായി കരാറിൽ ഏർപ്പെടേണ്ട അവസാന തീയതി 08/01/20 ആയിരുന്നു. എന്നാൽ 05/02/20 നാണ് പഞ്ചായത്തുമായി കരാറിലേർപ്പെട്ടത്. കരാർ തുകയായ 3712338 രൂപയുടെ 1% ആയ 37123 രൂപ ഫൈൻ ഈടാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/02-03-23) മറുപടി ലഭ്യമായില്ല. കരാറിലേർപ്പെടാൻ താമസിച്ചതിന് വ്യക്തമായ കാരണമില്ലെങ്കിൽ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

മണ്ണ് ഫില്ലിംഗ് പ്രവൃത്തി - കൺസോളിഡേഷൻ കുറവ് ചെയ്തില്ല

പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് അടിസ്ഥാനമാക്കി എക്സ്ട്രാ ഇനം 2 ആയി ചെയ്തിട്ടുള്ളത് 247.200 ഘനമീറ്റർ കോൺട്രാക്ടറുടെ മണ്ണ് ഉപയോഗിച്ചുള്ള മണ്ണ് ഫില്ലിംഗ് പ്രവൃത്തിയാണ്. മേൽ പ്രവൃത്തിയിൽ എം ബുക്ക് പ്രകാരം റാമിംഗ് ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഡി എസ് ആർ സ്പെസിഫിക്കേഷൻ പ്രകാരം കൺസോളിഡേഷന് 10% കുറവ് വരുത്തിയാണ് തുക നൽകേണ്ടത്. എന്നാൽ എം ബുക്ക് 55 A / 19-20 പേജ് നം .01, 10 പ്രകാരം കൺസോളിഡേഷന് 10% തുക കുറവ് ചെയ്തിട്ടില്ലാത്തതായി കാണുന്നു. അധികം നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മണ്ണ് ഫില്ലിംഗ് ആകെ അളവ് ( ടേപ് മെഷർമെന്റ് , കട്ട് എർത്ത് കുറവ് ചെയ്തതിന് ശേഷം) | 253.09 ഘ.മീ |
| 10% കൺസോളിഡേഷൻ പ്രകാരം കുറവ് ചെയ്യേണ്ട അളവ് | 25.30 ഘ.മീ |
| അനുവദിക്കാവുന്ന അളവ് | 227.79 ഘ.മീ |
| എസ്റ്റിമേറ്റ് റേറ്റിൽ പരിമിതപ്പെടുത്തി അനുവദിച്ച അളവ് | 247.20 ഘ.മീ |
| എസ്റ്റിമേറ്റ് റേറ്റിൽ പരിമിതപ്പെടുത്തി അനുവദിച്ച തുക | 247. 20 X 425 = 105064 രൂപ |
| അനുവദിക്കാവുന്ന തുക | 227.79 X 425 = 96810 രൂപ |
| അധികം അനുവദിച്ച തുക | 8254 രൂപ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/02-03-23)മറുപടി ലഭ്യമായില്ല. കരാറുകാരനിൽ നിന്നും തുക ഈടാക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ വിശദാംശങ്ങൾ തെളിവ് രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-37 നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസികളിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2021-22 വർഷം നിക്ഷേപിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | ഫണ്ടിനം | നിക്ഷേപിച്ച തുക | നിക്ഷേപിച്ച തുക ബിൽ നം./തീയതി | തുക നിക്ഷേപിച്ച സ്ഥാപനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| S0068/22,അമരകുടിവെള്ള പദ്ധതി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 834400 | 659 തീ24.03.22 | വാട്ടർഅതോറിറ്റി, പി.എച്ച്.ഡിവിഷൻ , തിരുവല്ല |
| S0333/22 ടേക്ക് എ ബ്രേക്ക് കുന്നംപുറത്ത് കുഴൽകിണർ നിർമ്മാണം, മോട്ടോർ ടാങ്ക് അനുബന്ധപ്രവർത്തനങ്ങൾ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 71000 | XVFC/2021-22/P/22dt 9.3.22) 200,000(XVFC/2021-22 /P/45/30/03/22 | ഭൂജലവകുപ്പ്,കോട്ടയം |
| S0188/22,കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ വാർഡ് 18, 19പൂർത്തീകരണം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 60000 | XVFC/2021-22/P/12dt 18.2.22 | വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ , തിരുവല്ല |
| S00187/22,കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ വാർഡ്19 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 150,000 | XVFC/2021-22 /P/13/18/2/22 | വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ, തിരുവല്ല |
| SO0267/22,കെ.എസ്.ഇ.ബി. സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ വാർഡ്15 | തനത് ഫണ്ട് | 36108 | ചെക്ക് നം.12027/22.12.21 | കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ തുക്കൊടിത്താനം |
| SO0325/22 വിവിധവാർഡുകളിൽ കെ.എസ്.ഇ.ബി പോസ്റ്റ് മാറ്റിയിടൽ | തനത് ഫണ്ട് | 49294<br>5370<br>16712<br>10007<br>14361<br>8004<br>19690<br>16962<br>6970<br>24031<br>34025<br>7334<br>16982<br>16734<br>5585<br>252061 | 12026/21.12.21)<br>12025/21.12.21)<br>12911/19.1.22)<br>12912/19.1.22)<br>12913/19.1.22)<br>12935/3.2.22)<br>12945/15.2.22)<br>12957/18.2.22)<br>12964/24.12.22)<br>12967/24.2.22)<br>15435/16.3.22)<br>15436/16.3.22)<br>15445/24.3.22)<br>15448/31.3.22)<br>12898/10.1.22 | കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ തുക്കൊടിത്താനം |
| | ആകെ | 1603569 | | |

മേൽ പരാമർശിച്ചിട്ടുള്ള പ്രോജക്ടുകൾ പൂർത്തീകരിച്ച് നിർവ്വഹണസ്ഥാപനങ്ങളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവഴിച്ച 1603569/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-38 ആസ്തി പരിപാലനം

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ(ആർ.ടി)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ്

ചെയർമാനായി ഒരു അസ്സറ്റ് മാനേജ്മെന്റ് &മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും (AMS), അസറ്റ് മാനേജ്മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധവാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള കമ്മറ്റി രൂപീകരിച്ചിട്ടില്ല. പഞ്ചായത്തിൽ സൂക്ഷിക്കുന്ന ആസ്തി രജിസ്റ്റർ കാലപ്പഴക്കം ചെന്നതാണ് . പ്രസ്തുത ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ റോഡുകളുടെ തരം, വീതി, പേര് എന്നിവയിൽ വ്യത്യാസം കാണുന്നു. ആസ്തി രജിസ്റ്ററിലെ അപാകത നീക്കി കാലികമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-39 അഗതിരഹിത കേരളം പദ്ധതി

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് നടപ്പാക്കി വരുന്ന അഗതിരഹിതകേരളം പദ്ധതിയിൽ 112 അഗതി കുടുംബങ്ങൾ ഗുണഭോക്താക്കളായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ അഗതിരഹിതകേരളം പദ്ധതിയുടെ അടങ്കൽ 2,68,65,499 രൂപയാണ്. അടങ്കലിൽ 39,41,099 രൂപയാണ് കുടുംബശ്രീ ചലഞ്ച് ഫണ്ട്. ചലഞ്ച് ഫണ്ട് ആദ്യഗഡു 1313700/- രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. മുൻ ആശ്രയ പദ്ധതികൾക്ക് അനുവദിച്ചതിൽ ബാക്കിയുള്ള ചലഞ്ച് ഫണ്ട് തുക1500565/- രൂപ അക്കൗണ്ടിൽ അവശേഷിച്ചതിനാൽ ആദ്യഗഡു തുക ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. രണ്ടാംഗഡു തുക 1127285/- രൂപ 17.8.21ൽ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. മൂന്നാം ഗഡു തുക ചലഞ്ച് ഫണ്ട് ലഭിച്ചിട്ടില്ലാത്തതിനാൽ നിലവിൽ ഗ്രാമപഞ്ചായത്തിലെ അഗതി കുടുംബങ്ങളുടെ ഭക്ഷണവിതരണം മുടങ്ങിയിരിക്കുകയാണ്.

2021-22 വർഷം ഗ്രാമപഞ്ചായത്തിന്റെ പദ്ധതിവിഹിതമിനത്തിൽ 200,000/-രൂപ സി.ഡി.എസ്സിന്റെ അക്കൗണ്ടിലേയ്ക്ക് മാറി നൽകിയിരുന്നു. തൻവർഷം 2 ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിന് 200,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രതിമാസം ഭക്ഷണ വിതരണത്തിനായി 720000/- രൂപ ചെലവ് വരുന്നു. നിലവിൽ 31.3.22ൽ യൂണിയൻ ബാങ്ക് തൃക്കൊടിത്താനം ശാഖയിലുള്ള A/C No.720202010000028ൽ 736890.05 രൂപയാണ് നീക്കിയിരുപ്പുള്ളത്. ഭക്ഷണവിതരണത്തിന് തുക തികയാത്തതിനാൽ 11/22 മുതൽ ഭക്ഷണവിതരണം മുടങ്ങിയ അവസ്ഥയിലാണ്. അഗതി രഹിത കേരളം പദ്ധതിയിലെ നിലവിലുള്ള 106 കുടുംബങ്ങൾക്ക് ഭക്ഷണവിതരണം തുടർന്നും നടത്താൻ അടിയന്തിര നടപടികൾ ഉണ്ടാവേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 31/05/2022-ലെ 1/1 നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും സെക്രട്ടറിയുടെ 15/10/2022 ലെ A2/108/22 നം. കത്തു മുഖേനയും ഓഡിറ്റിന്

ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 27/02/2023-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2022-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം- 3,4,5 ആയി ചേർത്തിരിക്കുന്നു.

4-2 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2021-22 വർഷം സംയുക്ത പ്രോജക്റ്റിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 1,664,464/- രൂപയും മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പ്രോജക്ട് 12.2 ലക്ഷം രൂപയും പ്രോജക്ട് മാപ്പിങ്ങിലൂടെ ലഭിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് വിഹിതം 2,008,746/- രൂപ നേരിട്ടും ലഭിച്ച ജില്ല-ബ്ലോക്ക് വിഹിതങ്ങളുടെ ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് മാടപ്പള്ളി | 2021-22 | 300,000/- | ലൈഫ് ഭവന പദ്ധതി-എസ്.സി.(30/22) | 300,000/- | 0 |
| | 2021-22 | 320,000/- | ലൈഫ് ഭവന പദ്ധതി-ജനറൽ (32/22) | 320,000/- | 0 |
| | 2021-22 | 100,000/- | അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി (35/22) | 100,000/- | 0 |
| | 2021-22 | 300,000/- | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് (34/22) | 300,000/- | 0 |
| | 2021-22 | 459,246/- | ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ(എസ്.സി.പി.) (336/22) | 240,000/- | 219,246/- |
| | 2021-22 | 549,500/- | ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (323/22) | 420,000/- | 129,500/- |
| | 2021-22 | 1,000,000/- | കുന്നംപുറം ഗവ. ഹൈസ്കൂൾ എൽ.പി. സ്കൂൾ മെസ് ഹാൾ, അടുക്കള നിർമ്മാണം (205/22) | 1,000,000/- | 0 |
| | 2021-22 | 200,000/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (108/22) | 200,000/- | 0 |
| | ആകെ | 3208746/- | ആകെ ബ്ലോക്ക് വിഹിതം 2021-22 | 2,880,000/- | 348,746/- |
| കോട്ടയം | 2021-22 | 200,000/- | ഇടവിള കൃഷി | 200,000/- | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | | | വികസനം(332/22) | | |
| | 2021-22 | 431,143/- | അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി (35/22) | 431,143/- | 0 |
| | 2021-22 | 465,000/- | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് (34/22) | 465,000/- | 0 |
| | 2021-22 | 568,321/- | കുന്നംപുറം ഗവ. ഹൈസ്കൂൾ എൽ.പി. സ്കൂൾ മെസ് ഹാൾ, അടുക്കള നിർമ്മാണം (205/22) | 568,321/- | 0 |
| | ആകെ | 1,664,464/- | ജില്ല പഞ്ചായത്ത് വിഹിതം | 1,664,464/- | 0 |

ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ടിനായി തൻവർഷം ആരംഭിച്ച 799013100000275 നം. ട്രഷറി അക്കൗണ്ടിൽ നേരിട്ട് ലഭിച്ച 2,008,746/- രൂപയിൽ 1,660,000/- രൂപ മാത്രമാണ് ചെലവഴിച്ചത്. ബാക്കി തുക 348,746/- രൂപ സർക്കാർ റിഡംപ്ഷനായി തിരിച്ചെടുത്തു. അക്കൗണ്ടിങ്ങ് അപാകത മൂലം പ്രസ്തുത ട്രഷറി അക്കൗണ്ട് ശീർഷകത്തിൽ 31/03/2022-ൽ നെഗറ്റീവ് ബാലൻസ് പ്രതിഫലിക്കുന്നു. അക്കൗണ്ടിങ്ങ് അപാകത പരിഹരിക്കേണ്ടതാണ്.

### 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2021-22 വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് KSEB, ഭൂജല വകുപ്പ്, ജല അതോറിറ്റി, നിർമ്മിതി കേന്ദ്രം എന്നിവയിൽ മുൻകൂർ നൽകിയിട്ടുണ്ട്. തുകയുടെ വിശദാംശങ്ങളും വിനിയോഗ വിവരവും താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | കെ.എസ്.ഇ.ബി. സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ (131/22) | 36,108/- | ഇല്ല | 36,108/- |
| | പട്ടികജാതി കോളനിയിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ ബാലൻസ് തുക നൽകൽ (366/22) | 18,340/- | ഇല്ല | 18,340/- |
| | വിവിധ വാർഡുകളിൽ കെ.എസ്.ഇ.ബി. യുടെ പോസ്റ്റ് മാറ്റിയിടൽ (325/22) | 252,061/- | ഇല്ല | 252,061/- |
| | ആകെ | 306,509/- | ഇല്ല | 306,509/- |
| ജല അതോറിറ്റി | അമര കുടിവെള്ള പദ്ധതി (68/22) | 834,400/- | ഇല്ല | 834,400/- |
| | കുടിവെള്ള പൈപ്പ് | 60,000/- | ഇല്ല | 60,000/- |

| | | | | |
|---|---|---|---|---|
| | ലൈൻ സ്ഥാപിക്കൽ W-18,W-19 പൂർത്തീകരണം(188/22) | | | |
| | കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ W-19 (187/22) | 150,000/- | ഇല്ല | 150,000/- |
| | ആകെ | 1,044,400/- | ഇല്ല | 1,044,400/- |
| ഭൂജല വകുപ്പ് | ടേക്ക് എ ബ്രേക്ക് കുന്നംപുറത്ത് കുഴൽ കിണർ നിർമ്മാണം മോട്ടോർ വാട്ടർ ടാങ്ക് അനുബന്ധ പ്രവർത്തനങ്ങൾ (333/22) | 271,000/- | ഇല്ല | 271,000/- |
| നിർമ്മിതി കേന്ദ്രം | ടേക്ക് എ ബ്രേക്ക് കുന്നംപുറം ജംഗ്ഷൻ പൂർത്തീകരണം (331/22) | 1,030,000/- | ഇല്ല | 1,030,000/- |
| ഒട്ടാകെ | | 2,651,909/- | - | 2,651,909/- |

കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ച 306,509/- രൂപ നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. അക്കൗണ്ടിങ്ങ് അപാകത നിലനിൽക്കുന്നതിനാൽ 31/03/2022 ലെ ബാലൻസ് ഷീറ്റിൽ കെ.എസ്.ഇ.ബി.യിലെ നിക്ഷേപ തുക പ്രതിഫലിക്കുന്നില്ല. അക്കൗണ്ടിങ്ങ് അപാകത പരിഹരിച്ച് വിശദാംശം അറിയിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2021-22 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2021-22 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | ജിഒ (എം.എസ്) 68/2018/ തസ്വഭവ/18.5.2018 | 10,565,800/- | ഇല്ല | 1,701,333/- | - | 8,864,467/- |

വികസന ഫണ്ട് (General), വികസന ഫണ്ട് (SCSP) എന്നീ ഫണ്ടുകളുടെ 2021-22 വർഷത്തെ അലോട്ട്മെന്റിൽ യഥാക്രമം 1,475,794/- രൂപ, 225,539/- രൂപ എന്നിങ്ങനെ ആകെ 1,701,333/- രൂപ സ്രോതസ്സിൽ ക്രമീകരിച്ചാണ് വായ്പ തിരിച്ചടവ് നടത്തിയത്. എന്നാൽ വായ്പ തിരിച്ചടവ് 20,467/- രൂപ കൂടുതലായി അക്കൗണ്ട് ചെയ്തതായി ധനകാര്യ പത്രികയിൽ നിന്ന് വ്യക്തമാകുന്നു. ആയതിനാൽ വായ്പ

ശീർഷകം 31/03/2022 ലെ ബാലൻസ് ഷീറ്റിൽ 8,864,467/- രൂപ നിലനിൽക്കേണ്ട സ്ഥാനത്ത് 20,467/- രൂപ കിഴിച്ച് 8,844,000/- രൂപ മാത്രമാണ് പ്രതിഫലിക്കുന്നത്. വായ്പ കണക്കുകളിലെ അപാകത പരിഹരിക്കേണ്ടതാണ്.

4-6 സ്ഥിരനിക്ഷേപങ്ങൾ

2021-22 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പ്രകാരം തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങളില്ല.

4-7 ഓഡിറ്റ് റിക്കവറി

2021-22 വർഷം ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. ഓരോ സാമ്പത്തിക വർഷവും ഓഡിറ്റ് റിക്കവറിയായി ലഭിക്കുന്ന തുകകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് ഓഡിറ്റ് റിക്കവറി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം., തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിക്കവറി കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

തൃക്കൊടിത്താനം പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2-2 | 2016-17 | അനുബന്ധം-3 | വസ്തു നികുതി സംബന്ധമായ അപാകതകൾ | |
| 2014-15 | 2-3-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-3-1, 2-3-2, 2-3-3 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | |
| 2019-20 | 1-19 | 2020-21 | അനുബന്ധം-2 | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി. നടപ്പാക്കിയ പ്രോജക്ടുകൾ-അപാകതകൾ | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ പ്രകാരം

തുകയൊന്നും ഈടാക്കിയിട്ടില്ല. നിലവിൽ സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | : | 144,866,979/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 130,263,007/- |
| വരവിനങ്ങളിലുള്ള വ്യക്തമായ നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 37,94,570/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക- നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24(1,2) | 920,750 | അസീന എ., വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| 1-24(3) | 142,900 | അസീന എ., വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| 1-26 | 335,576 | ഡോ. ഷീജ ഫിലിപ്പ്, മെഡിക്കൽ ഓഫസർ(PHC) |
| 1-28 | 94,849 | ആഷ സൂസൻ എബ്രഹാം, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-29 | 2,83,964 | രഞ്ജൻ റ്റി. , സെക്രട്ടറി |
| 1-30 | 4,12,962 | രഞ്ജൻ റ്റി. , സെക്രട്ടറി |
| 1-31 | 16,03,569 | രഞ്ജൻ റ്റി. , സെക്രട്ടറി |
| ആകെ | 37,94,570 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നം.1-19, 1-23

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 28/02/2023 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച | തീർപ്പാക്കാൻ |
|---|---|---|

| വർഷം | ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 & 2001-02 | എൽ.എഫ്.കെ.പി8-668/2003/ 14.11.2003/06.12.2003 (ജനകീയാസൂത്രണം) | 20 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി10/അദാ-2022/1870(8)/2022 /27.08.2022 | 3 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി10/അദാ-2022/1870(9)/2022 /27.08.2022 | 3 |
| 2010-11 & 2011-12 | കെ.എസ്.എ-കെ.ടി.എം.പി10/അദാ-2022/1870(10)/2022 /27.08.2022 | 4 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി10/2024 /2017/ 27.12.2017 | 8 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി10/അദാ-2022/1870(12)/2022 /27.08.2022 | 2 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി10/അദാ-2022/1870(13)/2022 /27.08.2022 | 7 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി10/766 /2017/05.01.2018/16.01.18 | 15 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി10/1425 /2017/ 14.12.2017 | 20 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി10-1436/2018/ 17.10.2019 | 26 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി10/അദാ-2022/1399/2022/ 27.08.2022 | 12 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി10/1809 /2022/ 27.10.2022 | 6 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി10/676 /2022/ 31.05.2022 | 49 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്